# വാഗ്ദാനം



യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും

Dubai Malayalee Catholic Congregation News Letter




കാൽവരിയിൽ തിരുകുമാരന്റെ കുരിശുമരണത്തെ
സമചിത്തതയോടെ അഭിമുഖീകരിച്ച പരിശുദ്ധ അമ്മേ,
ജീവിത പ്രതിസന്ധികളിൽ പ്രത്യാശയോടും വിശ്വാസത്തോടും കൂടെ
മുന്നേറുവാനുള്ള കൃപക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ

# എഡിറ്റോറിയൽ



സ്നേഹിതരേ,

ദുഃഖവെള്ളിയിൽ നിന്ന് ഉത്ഥാന ഞായറിലേയ്ക്കുള്ള ദൂരം എത്ര?...

നിരാശയോടെ കല്ലറ തേടിവന്നവർ, ആനന്ദലഹരിയിൽ തിരികെ ഓടുന്ന വിവരണം തന്നെയാണ് ഉത്ഥാനം മനുഷ്യനിൽ വരുത്തുന്ന മാറ്റം.

മനുഷ്യന്റെ അടിസ്ഥാന ഭയങ്ങൾ അഞ്ചെണ്ണമാണെന്ന് മനശാസ്ത്രജ്ഞർ നിർവ്വഹിക്കാറുണ്ട്. 1. മരണഭയം, 2. അംഗവൈകല്യരോഗഭയം, 3. പരാജയഭീതി, 4. അപമാനഭയം, 5. ഒറ്റപ്പെട്ടുപോകുമെന്ന ഭയം.

ഈ ഭയപ്പാടുകളാണു മനുഷ്യന്റെ കരച്ചിലിനു കാരണം. സൂക്ഷ്മ നിരീക്ഷണത്തിൽ, മേൽപ്പറഞ്ഞ ഭയങ്ങളെല്ലാം ഈ ലോകജീവിതത്തെ മാത്രം മാനദണ്ഡമാക്കിയുള്ള ജീവിത വീക്ഷണത്തിൽ നിന്നാണ്. ഈ ഭയങ്ങൾക്കുള്ള ഉത്തരമാണ് മാലാഖ ഉത്ഥാനത്തെ അവതരിപ്പിക്കുക. ഒറ്റപ്പെടലും അപമാനവും പരാജയവും അംഗഭംഗവും അതിന്റെ പൂർണ്ണതയിൽ അനുഭവിച്ച്, നിന്ദ്യമായി മരിച്ച ക്രിസ്തുവിന്റെ ഉത്ഥാനം, മനുഷ്യന്റെ അടിസ്ഥാനഭയങ്ങൾക്കുള്ള ദൈവത്തിന്റെ നിത്യമായ ഉത്തരമാണ്. നിത്യതയുടെ വെളിച്ചത്തിൽ ജീവിതത്തെ പുനർവായിക്കുമ്പോൾ ഭയവും കണ്ണീരും ദുഃഖവും വിട്ടകലും എന്ന സത്യമാണ് ഉത്ഥാനതിരുനാളിൽ നൽകുന്നത്.

ഉത്ഥിതൻ ആദ്യമായി ഉച്ചരിച്ച ചോദ്യം 'എന്തിനാണു നീ കരയുന്നത്? (യോഹ. 20.15) മനുഷ്യന്റെ സഹനങ്ങൾ ദൈവം അറിയുന്നു. അവ പരിഹരിക്കാൻ ദൈവപുത്രൻ സജീവനായി, നമ്മുടെകൂടെയുണ്ട് എന്ന സന്ദേശമാണ്, ഉത്ഥിതൻ നൽകുന്നത്.

താൽക്കാലികമായ തിന്മയുടെ അട്ടഹാസം കണ്ട് ആരും ഭയപ്പെടേണ്ടതില്ല എന്നതാണ് ക്രിസ്തുവിന്റെ ഉത്ഥാനം നമുക്കു തരുന്ന മറ്റൊരു സന്ദേശം. ദുഃഖവെള്ളികൾ നമ്മുടെ ജീവിതത്തിലും നമ്മുടെ പ്രിയപ്പെട്ടവരുടെ ജീവിതത്തിലും വ്യത്യസ്ഥ രൂപങ്ങളിൽ ഉണ്ടാകും. എന്നാൽ ദുഃഖവെള്ളികളെ ലോകാവസാനമായി കരുതി നിരാശപ്പെടാതെ, മരണത്തെ തോൽപ്പിച്ച ദൈവം ചിരിക്കുന്ന ഉത്ഥാന ഞായർ നൽകുന്ന പ്രത്യാശയുടെയുടേയും ധൈര്യത്തിന്റേയും വിജയത്തിന്റേയും പാത സ്വീകരിക്കാം. എല്ലാവർക്കും പ്രാർത്ഥനാപൂർവ്വം യേശുവിന്റെ ഉത്ഥാന തിരുന്നാളിന്റെ മംഗളങ്ങൾ നേരുന്നു.



സ്നേഹപൂർവ്വം,
**ഫാ. അലക്സ് വാച്ചാപറമ്പിൽ**
avachacap@yahoo.com

# താളുകൾ മറിക്കുമ്പോൾ


എഡിറ്റോറിയൽ 3

വീണ്ടും ജനനം നോമ്പ് കാലത്ത് 5
ഏ. തോമസ്

ബലവാന്മാർ 7
- റോസ്മേരി ജോർജ്ജ്

ആ രക്തത്തുള്ളികൾ എനിക്കു വേണ്ടിയായിരുന്നു 10
- ഷാജൻ ആന്റെണി

ഒലിവിൻ നിലാവിൽ (കവിത) 12
- ആന്റോ ജോൺ

കുഷ്ഠരോഗിയെ ആലിംഗനം ചെയ്യുന്ന ഈശോ
- ലാലിച്ചൻ ജോസഫ് 13

നനല്ല അമ്മതൻ നല്ല വെള്ളി (കവിത) 14
- പ്രിൻസി തോമസ് എടപ്പിള്ളി

നോമ്പ് ഉയിർപ്പിലേക്കൊരു വഴി 15
- നീതു ബാബു

സാത്താനെ സൂക്ഷിക്കുക 15
- സിജോ പി.ഒ.

വയൽ ലില്ലി (കവിത) 15
- ബിന്ദു ജോയ്

അദൃശ്യകരത്താൽ ദൃശ്യനാക്കപ്പെട്ട മനുഷ്യൻ 15
- നിഷ സണ്ണി

പ്രതീക്ഷ നിറഞ്ഞതായിരിക്കട്ടെ നിങ്ങളുടെ മനസ്സ് 15
- കിരൺ ജോൺസൻ

ഒരു മരത്തിന്റെ കഥ 15
- മാത്യു ആന്റണി



MALAYALEE CATHOLIC CONGREGATION
ST. MARY'S CHURCH, DUBAI
പത്രാധിപ സമിതി

**രക്ഷാധികാരി**
ഫാ. ലെന്നി കോന്നുള്ളി OFM Cap.

**ചീഫ് എഡിറ്റർ**
ഫാ. അലക്സ് വാച്ചാപറമ്പിൽ OFM Cap.

**എഡിറ്റോറിയൽ ബോർഡ്**
ഷാജി ജോസഫ്
ബിരെൺ ഫിലിപ്പ്
ജൂഡ് ഷൈജു
ലൂക്കോസ് വി.ചെറിയാൻ
ജോസഫ് പുലിക്കോട്ടിൽ

**ഉപദേശക സമിതി**
ജോഷി മാത്യു
ബോബി ആന്റണി

**ടൈപ്പിംഗ്**
ജയൻ ക്രിസ്തുദാസൻ
ജോസ് ഐക്കര

**ആർട്ടിസ്റ്റ്**
ലിന്റോ തോമസ്
ജോമോൻ ജോൺ
റിറ്റോ വെള്ളറ

**സർക്കുലേഷൻ**
റോയി തട്ടിൽ

*vagdanam.dubai@gmail.com*



# വീണ്ടും ജനനം

## നോമ്പ് കാലത്ത്



**എ. തോമസ്**

ആധുനിക ലോകം എല്ലാ മേഖലകളിലും മുന്നേറിക്കൊണ്ടിരിക്കുകയാണ്. ശാസ്ത്രവും, സാങ്കേതിക വിദ്യയും, വൈദ്യശാസ്ത്രവും, വാർത്താവിനിമയരംഗവും, യാത്രാ സൌകര്യങ്ങളും, ജീവിത നിലവാരവും, അറിവും എല്ലാം വളരെയധികം മുന്നേറിക്കൊണ്ടിരിക്കുന്നു. മേൽ പറഞ്ഞ മേഖലകളിൽ മനുഷ്യൻ മുന്നേറിയിട്ടുണ്ടെങ്കിലും ഏകദേശം 25 വർഷങ്ങൾക്കു മുൻപ് ഈ ഭൂമുഖത്ത് നമ്മുടെയിടയിൽ ഉണ്ടായിരുന്ന സ്നേഹവും സമാധനവും ഇപ്പോൾ ഉണ്ടോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ട് ഈ മേഖലയിൽ മാത്രം മനുഷ്യർ പുറകോട്ടു പോകുന്നു.

ഒരു മനുഷ്യന് മറ്റൊരു മനുഷ്യനെ മനുഷ്യനായി കാണാനുള്ള മനുഷ്യത്വം കുറഞ്ഞുകൊണ്ടിരിക്കുന്നു. വ്യക്തിജീവിതത്തിലും, കുടുംബത്തിലും, സമൂഹത്തിലും ലോകത്തെവിടെ നോക്കിയാലും ഇത് വ്യക്തമായി കാണാം.

ഈ പുതിയ നൂറ്റാണ്ടിൽ, 2000-മാണ്ട് ആരംഭിച്ചിട്ട് ഈ 18 വർഷത്തിനുള്ളിൽ വിവിധ രാജ്യങ്ങളിൽ നടന്നിട്ടുള്ളതും ഇന്നു നടന്നുകൊണ്ടിരിക്കുന്നതുമായ യുദ്ധങ്ങൾ കാരണം എത്രയോ ലക്ഷം മനുഷ്യ ജീവനുകളാണ് പൊലിഞ്ഞു പൊയ്കോണ്ടിരിക്കുന്നത്. എത്രയോ കുട്ടികൾ അനാഥരായിമാറി. എണ്ണമറ്റ മനുഷ്യജീവിതങ്ങൾ എത്രയോ ക്ലേശകരമായി മാറി. യുദ്ധോപകരണങ്ങളുടെയും ലഹരിമരുന്നിന്റെയും പെൺവാണിഭത്തിന്റെയും വ്യവസായം അടിക്കടി വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇവിടെ ആര് വിജയിക്കുന്നു? ആര് പരാജയപ്പെടുന്നു? ഒററവാക്കിൽ പറഞ്ഞാൽ തിന്മ വിജയിക്കുന്നു നന്മ പരാജയപ്പെടുന്നു. എന്താണ് ഇതിന് കാരണം? ഇതിന് ഒരു പരിഹാരമില്ലേ. ഭൂമിയിൽ സമാധാനമായി ജീവിക്കുവാനുള്ള മനുഷ്യന്റെ അവകാശം നഷ്ടപ്പെട്ടുവോ?

ദൈവ വചനത്തിലുടെ നമ്മുക്കൊന്ന് കടന്നുപോകാം നമ്മുടെ കർത്താവായ യേശുനാഥൻ പറഞ്ഞു. അധർമ്മം വർദ്ധിക്കുന്നതിനാൽ പലരുടെയുംസ്നേഹം തണുത്തുപോകും (മത്തായി 24 : 12) യക്കോബ് ശ്ലീഹാ തന്റെ ലേഖനത്തിൽ ഇപ്രകാരം

പറയുന്നു, "എവിടെ അസൂയയും സ്വാർത്ഥമോഹവും ഉണ്ടോ അവിടെ ക്രമക്കേടും എല്ലാ ദുഷ്കർമ്മങ്ങളും ഉണ്ട്." (യാക്കോബ് 3 : 16) വ്യക്തിബന്ധങ്ങളിലായാലും, സമൂഹത്തിലായാലും, രാഷ്ട്രങ്ങൾ തമ്മിലായാലും, മതങ്ങൾ തമ്മിലായാലും എവിടെയും നാം ഇന്ന് കാണുന്ന സ്നേഹക്കുറവുകൾക്കും ക്രമക്കേടുകൾക്കും ദുഷ്പ്രവർത്തികൾക്കും അടിസ്ഥാനകാരണം അധർമ്മവും, അസുയയും സ്വാർത്ഥമോഹങ്ങളും തന്നെയല്ലേ?. തീ കത്തുന്നത് കാണുമ്പോൾ അത് അണച്ചുകളയാൻ പരിശ്രമിക്കാതെ വെറുതെ നോക്കിനിന്നാൽ അവസ്സാനം തീ കത്തിപ്പടർന്ന് വെറുതെ നോക്കിനിന്നവനെയും ചാമ്പലാക്കും.

"ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല" എന്ന പത്രോശ്ലീഹായുടെ വചനങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. (അപ്പ. 4 : 12) ലോകത്തെവിടെയും വിദ്വേഷവും അസൂയയും, കലഹങ്ങളും, ഭിന്നിപ്പും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ "സമാധാനത്തിന്റെ രാജാവായ", സ്നേഹത്തിന്റെ മറ്റൊരു പര്യായമായ യേശുവിനെ ഈ ലോകത്തിന് പരിചയപ്പെടുത്തികൊടുക്കുക എന്നത് മാത്രമാണ് ഇന്ന് ലോകം അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും ഉള്ള ഒരേയൊരു പ്രതിവിധി. ഈ പ്രതിസന്ധികളെല്ലാം മുന്നിൽ കണ്ടുകൊണ്ടായിരിക്കണമല്ലോ യേശു പറഞ്ഞത്, "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" എന്ന്. (മർക്കോ 16 : 15) യേശു പറയുകയുണ്ടായി," മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കുവാനുമാണ് കള്ളൻ വരുന്നത്. എന്നാൽ ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്." (യോഹ 10 : 10) നാം സ്വാർത്ഥമതികളല്ലെങ്കിൽ, മനുഷ്യരുടെ രക്ഷ ആഗ്രഹിക്കുന്നുവെങ്കിൽ, ദൈവ സ്നേഹം നമ്മിൽ നിലനില്ക്കുന്നെങ്കിൽ യേശുവിനെ നാം ഈ ലോകത്തിന് പരിചയപ്പെടുത്തികൊടുക്കണം. "ശത്രുവിനെ സ്നേഹിക്കണം," "നിന്നെപ്പോലെ തന്നെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കണം," എന്ന് ലോകത്തോട് ഉപദേശിച്ചതും സ്വന്തം ജീവിതത്തിൽ കാണിച്ചുതന്നതും യേശു മാത്രമാണ്.

"ഞാൻ വന്നിരിക്കുന്നതു് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനാണ്." (മത്തായി 20 : 28) എന്ന് പറഞ്ഞിട്ടുള്ള മറ്റൊരു നേതാവില്ല. തന്റെ ശിഷ്യന്മാരുടെ കാൽപാദങ്ങൾ കഴുകി തുടച്ചതിനു ശേഷം നിങ്ങളും ഇപ്രകാരം ചെയ്യണം എന്ന് പറഞ്ഞിട്ടുള്ള മറ്റൊരു ഗുരുവില്ല. അതുപോലെ തന്നെ "ഞാൻ ശാന്തനും വിനീതഹൃദയനുമാകയാൽ നിങ്ങൾ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്ന് പഠിക്കുകയും ചെയ്യുവിൻ" (മത്തായി 11 : 9) ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ (യോഹ 13 : 34) എന്ന് യേശുവല്ലാതെ ലോക ചരിത്രത്തിൽ മറ്റൊരു വ്യക്തിയും പറഞ്ഞിട്ടില്ല.

തന്നെ മണിക്കുറുകളോളം ക്രൂരമായി മർദ്ദിച്ചതിനു ശേഷം ഒരു കുററവാളിയെപ്പോലെ ആണികളാൽ കുരിശിൽ തറച്ച് രണ്ട് കള്ളന്മാരുടെ മധ്യേ കുരിശ്ശിൽ തൂങ്ങി കിടന്നുകൊണ്ട്, "പിതാവേ ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല, ഇവരോട് ക്ഷമിക്കണേ" (ലൂക്കാ 23 : 24) എന്ന് പറഞ്ഞ ആ ലോക രക്ഷകനെ അറിയാതെ പോകുന്നതല്ലേ ഒരു മനുഷ്യ ജീവിതത്തിലെ ഏറ്റവും വലിയ നഷ്ടം. യേശുവിനെ അറിയേണ്ടതുപോലെ അറിയുന്ന വ്യക്തി ഒരു പുതിയ സൃഷ്ടിയായി മാറുന്നു. അതു തന്നെയല്ലേ വീണ്ടും ജനനം. അജ്ഞതമൂലം സാത്താന്റെ കുടിലതന്ത്രങ്ങളിൽ അകപ്പെട്ടു കിടക്കുന്ന ലോകമെമ്പാടുമുള്ള നമ്മുടെ സഹോദരങ്ങളെ യേശുവിനെക്കുറിച്ച് അറിയിക്കാനും അതുവഴി യേശുവിൽ അവർ വീണ്ടും ജനിക്കുവാനും നമ്മുക്കൊത്തൊരുമിച്ച് പരിശ്രമിക്കാം.



# ബലവാന്മാർ



**റോസ്മേരി ജോർജ്ജ്**

സ്വർഗ്ഗരാജ്യം ബലപ്രയോഗത്തിനു വിഷയമായിരിക്കുന്നു. ബലവാന്മാർ അതു പിടിച്ചടക്കുന്നു. (മത്തായി. 11:12) സ്നാപകയോഹന്നാനെക്കുറിച്ച് സാക്ഷ്യപ്പെടുത്തുമ്പോഴാണ് ഈശോ ഈ തിരുവചനം പറയുന്നത്. ഈ വചന വരികൾക്കിടയിൽ നാം വായിച്ചെടുക്കുന്ന ഒരു വലിയ സത്യം ഉണ്ട്. ഓരോ മനുഷ്യജീവിതങ്ങളും സ്വർഗ്ഗത്തെ ലക്ഷ്യം വെച്ചു പ്രയാണം ചെയ്യുമ്പോൾ അവൻ യാത്രചെയ്യുന്നത് ഒരു യുദ്ധഭൂമിയിലൂടെയാണ് എന്നതാണ്.

വിഭൂതി തിരുന്നാളിൽ നെറ്റിയിൽ ചാരംകൊണ്ട് കുരിശടയാളം വരച്ച് വൈദീകൻ നമ്മോടു പറയുന്നു, അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ. അതോടെ ഉപവാസത്തിന്റെയും നോമ്പിന്റേയും പ്രാർത്ഥയുടേയും പരിത്യാഗങ്ങളുടേയുമെല്ലാം ആരംഭമായി. മനുഷ്യൻ വെറും മണ്ണാണെന്നും മണ്ണിലേയ്ക്കു മടങ്ങേണ്ടവനാണ് എന്നും (ഉല്പത്തി. 3:19) ഓരോർമ്മപെടുത്തലും കൂടിയാണ്. ഈ മരുഭൂമിയിൽ 40 ദിനരാത്രങ്ങൾ ഉപവസിച്ചു പ്രാർത്ഥിച്ചതിന്റെ ഓർമ്മയാചരണമായും നാം കാണുന്നു. പഴയനിയമത്തിലൂടെ കടന്നുപോകുമ്പോൾ വ്യത്യസ്തങ്ങളായ ധാരാളം ഉപവാസരീതികൾ നാം കാണുന്നുണ്ട്. ഈജിപ്തിന്റെ അടിമത്തത്തിൽനിന്നും ഇസ്രയേൽ ജനത്തെ കാനാൻ ദേശത്തേയ്ക്കു നയിച്ച മോശ മലമുകളിൽ കയറി 40 ദിനരാത്രങ്ങൾ ഉപവസിച്ച് പ്രാർത്ഥിച്ചിട്ടാണ് പത്തു കല്പനകളുമായി ദൈവജനത്തിന്റെ അടുത്തേക്കു തിരിച്ചുവരുന്നത്. യോന പ്രവാചകന്റെ പ്രസംഗംകേട്ട് നിനവേ നിവാസികളും രാജാവും കന്നുകാലികൾപോലും 40 ദിനരാത്രങ്ങൾ ഉപവസിക്കുകയും അതുവഴി നിനവേ എന്ന മഹാനഗരത്തെ നാശത്തിൽനിന്നും രക്ഷിക്കുന്നതായി നാം കാണുന്നു. എല്ലാ ഉപവാസങ്ങളുടേയും ലക്ഷ്യമൊന്നാണ്, അനുതാപത്തിലേയ്ക്കു നയിക്കപ്പെടുക അഥവാ മാനസാന്തര അനുഭവത്തിലായിത്തീരുക.

എന്നാൽ ഈശോയുടെ മരുഭൂമിയിലെ ഉപവാസം അപ്രകാരമായ ഒന്നായിരുന്നില്ല. ദൈവജനത്തെ പാപത്തിൽനിന്നും മോചിപ്പിക്കുവാനായി വചനം മാംസമായി ഭൂമിയിൽ പിറന്ന ദൈവപുത്രൻ പാപം ലവലേശമില്ലാത്തവനായിരുന്നു. അതിനാൽതന്നെ അനുതാപത്തിന്റേയോ, മാനസാന്തരത്തിന്റേയോ ആവശ്യകതയില്ല.

രക്ഷാകരകർമ്മത്തിന്റെ ഉത്ഘാടന ചടങ്ങായി, ജോർദ്ദാൻ നദിയിൽവച്ച് സ്നാപകനിൽ നിന്നും സ്നാനം സ്വീകരിക്കവേ, സ്വർഗ്ഗം വെളിപ്പെടുത്തിയ ഒരു വലിയ സത്യമായിരുന്നു യേശു ദൈവപുത്രനാണെന്നും ലോകരക്ഷകനാണെന്നും, ഈ വെളിപ്പെടുത്തലിനു തൊട്ടുപിന്നാലെ ആത്മാവാണ് യേശുവിനെ മരുഭൂമിയിലേക്ക് നയിച്ചത്. യേശു പൂർണ്ണമനുഷ്യനും പൂർണ്ണ ദൈവവുമായിരുന്നു. പറുദീസയിൽ ദൈവം വാഗ്ദാനം ചെയ്തത് മനുഷ്യൻ (സ്ത്രീയുടെ സന്തതി) സാത്താന്റെ തലയെ തകർക്കുമെന്നാണ്. സർവ്വനീതിയുടേയും ഉറവിടമായ ദൈവപിതാവ് യേശു എന്ന പൂർണ്ണ മനുഷ്യനെയാണ് സാത്താന്റെ

തലയെ തകർക്കാനുള്ള ഉത്തരവാദിത്വം ഏല്പിക്കുക. പൗലോസ് ശ്ലീഹാ, ഗലാത്തിയ ലേഖനം 4:4 ൽ പറയുന്നു. കാലമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽ നിന്നും ജാതനായി, നിയമത്തിന് അധീനനായി ജനിച്ചു.' പച്ച മനുഷ്യന്റെ ജഡത്തിനുള്ളിൽ സത്യദൈവം വസിച്ചു. ഈ ജഡത്തിനുള്ളിൽ ആയിരിക്കുന്ന ദൈവപുത്രന് സാത്താനെ തകർക്കണമെങ്കിൽ ആദ്യം അവൻ തന്റെ ജഡത്തെ ജയിക്കണം. ഭൂമിയിൽ ജനിക്കുന്ന ഏതൊരുമനുഷ്യനും അഭിമുഖീകരിക്കേണ്ട എല്ലാ പ്രലോഭനങ്ങളും യേശു എന്ന പൂർണ്ണ മനുഷ്യൻ കടന്നുപോകേണ്ടിയിരുന്നു. ആ കടന്നുപോകലിന്റെ ആദ്യപടിയായിരുന്നു മരുഭൂമിയിലെ ഉപവാസവും, 40 ദിനരാത്രങ്ങൾ വളരെ വിജയപ്രദമായി കടന്നുപോയി തന്റെ രക്ഷാകരദൗത്യം ആരംഭിക്കാൻ തയ്യാറായി നില്ക്കുമ്പോൾ വചനം പറയുകയാണ് ലൂക്ക 4:2 'അവസാനം അവനു വിശന്നു.' വിശപ്പിന്റെ ബലഹീനതയിലേക്ക് സാത്താൻ നുഴഞ്ഞുകയറുകയായിരുന്നു. ഏതൊരു മനുഷ്യന്റെയും ജഡികതയിലെ ബലഹീനതയിലേക്ക് തന്നെയാണ് സാത്താൻ തന്ത്രവുമായി കടന്നു വരിക. ഭക്ഷണത്തിന്റെയും സ്ഥാനമാനങ്ങളുടേയും ആർഭാടങ്ങളുടേയും ജീവിത വ്യഗ്രതയുടേയും വിശപ്പിന്റെ ബലഹീനതയിലാണ്. മോഹന വാഗ്ദാനത്തിന്റെ കെണികളൊരുക്കി സാത്താൻ മനുഷ്യനെ വീഴിക്കുക. പിതാവ് ഏല്പിച്ചിരുന്ന ദൗത്യം മാത്രം ലക്ഷ്യമായിരുന്ന യേശു സാത്താൻ കൊണ്ടുവന്ന ആയുധം (വചനം) കൊണ്ടുതന്നെ സാത്താനെ തോല്പിച്ചോടിക്കുന്നു.

മാമോദീസയിലൂടെ യേശുവിനോടു ഐക്യപ്പെട്ടു ക്രിസ്തീയ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന ഓരോ മനുഷ്യനും പ്രലോഭനവഴിയെ നടക്കേണ്ടിവരുമ്പോൾ എടുത്തു ഉപയോഗിക്കുവാൻ അവന്റെ കയ്യിലും ഉണ്ടാവണം വചനമാകുന്ന വാൾ. എന്തെന്നാൽ ക്രിസ്തുവിന്റെ അമൂല്യമായ ജീവനാണ് ദൈവം മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്നത്. മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്ന ദൈവാത്മാവിന്റെ മൂല്യം സാത്താനു നന്നായി അറിയാം. അതു തട്ടിയെടുക്കുവാനായി ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്നു അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നുണ്ട്. (1പത്രോ. 5:8) മരുഭൂമിയിലെ പരീക്ഷയ്ക്കുശേഷം താൽക്കാലികമായിട്ടാണ് സാത്താൻ യേശുവിനെ വിട്ടുപോയത്. യേശുവിന്റെ പരസ്യജീവിത കാലത്തിലും ഫരിസേയരുടേയും പുരോഹിതരുടേയുമെല്ലാം രൂപത്തിൽ അവർ പലപ്പോഴും യേശുവിന്റെ പിന്നാലെ ചുറ്റിനടന്ന് അവനെ ചതിക്കുഴിയിൽ വീഴ്ത്തുവാൻ തക്കം പാർത്തുകൊണ്ട് ഒടുവിൽ ഗത്സെമനിയിൽ രക്തം വിയർപ്പുതുള്ളികളായി ഇറ്റിറ്റുവീഴുവോളം മരണവേദനയിലും ഭയത്തിലും മുഴുകിയപ്പോൾ അവിടുന്നു പിതാവിനോടു അറിയാതെ ചോദിച്ചു. 'പിതാവേ! കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും എടുത്തുമാറ്റണമേ' പിതാവിന്റെ മൗനം അനുസരണത്തിനുള്ള ആഹ്വാനമായികണ്ട് ദൈവപുത്രൻ പറഞ്ഞു. എങ്കിലും എന്റെ ഹിതമല്ല, നിന്റെ ഹിതം നിറവേറട്ടെ'എന്ന്.

നമ്മുടെയൊക്കെ ജീവിതത്തിലും പലപ്പോഴും പ്രതിസന്ധികളിലും വേദനകളിലും ഭയം നമ്മെ ഗ്രസിക്കുമ്പോൾ നാമും നിലവിളിച്ചു പോകാറുണ്ട്, 'വാഗ്ദാനങ്ങൾ' എടുത്തുമാറ്റണമേ എന്ന്. എന്നാൽ യേശുവിനെ ഗത്സമനിയിൽ ആശ്വസിപ്പിക്കാനെത്തിയ മാലാഖമാരെ പലപ്പോഴും നമ്മുടെ ജീവിതത്തിലേക്കും പിതാവ് അയച്ചുതരാറുള്ളത് നാം കാണാതെ പോകരുത്. ഒരു സ്വാന്തനവാക്ക്... ഒരു പ്രാർത്ഥനാപരമായ ഉപദേശം.... ഒരു കൈതാങ്ങ് നമുക്കും പിതാവ് അയച്ചുതരുക തന്നെ ചെയ്യും. അപ്പോഴൊക്കെ പിതാവ് നമുക്ക് ചൂണ്ടികാണിച്ചുതരുന്നത് കുരിശിൽ മരിച്ചുകിടക്കുന്ന യേശുവിനെ അല്ല, പിന്നയോ മരണത്തെ ജയിച്ച മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ കർത്താവിനേയാണ്. കാരണം 'ഏലി, ഏലി, ലാമസബക്ത്താനി' എന്ന് ചങ്കുപൊട്ടിക്കരഞ്ഞുകൊണ്ട് എല്ലാം പൂർത്തിയായി എന്നു പിതാവിനു ഉറപ്പു നല്കി ക്രിസ്തു മരണം സ്വീകരിച്ച ആ നിമിഷം സാത്താന്റെ തല തകർക്കപ്പെട്ടു. ക്രിസ്തു കുരിശിൽ സാത്താനുമേൽ വിജയം സ്ഥാപിച്ചു.

തിരുസഭ എല്ലാ വർഷവും നോമ്പും ഉപവാസവും എല്ലാം ഒരുക്കിത്തരുന്നത് വെറും ഏതാനും ദിവസങ്ങൾക്കുവേണ്ടി മാത്രമല്ല പിന്നയോ ഉപവാസത്തോടെ പ്രാർത്ഥനയോടെ,

പരിത്യാഗത്തോടെ, സഹനങ്ങളെ ഭയപ്പെടാതെ അനുദിന ജീവിത സാഹചര്യങ്ങളിൽ സാത്താനെതിരെ യുദ്ധം ചെയ്തു വിജയം വരിക്കുവാനാണ്.

സങ്കീർത്തനം 4:11 ൽ പറയുന്നു: 'എന്റെ ശത്രു എന്റെമേൽ വിജയം നേടിയില്ലാ. അതിനാൽ അവിടുന്നു എന്നിൽ പ്രസാദിച്ചിരിക്കുന്നു എന്നു ഞാനറിയുന്നു. യേശുവിന്റെ ഉത്ഥാനമാണ് നമ്മുടെ പ്രത്യാശ. കള്ളൻ കടന്നുവരുന്ന വഴി അറിയാമെങ്കിൽ പ്രതിരോധം ഏർപ്പെടുത്തുവാൻ എളുപ്പമാണ്. നമ്മുടെ ജീവിതത്തിലേക്കും പ്രലോഭകൻ കടന്നുവരുന്ന അഞ്ചുകവാടങ്ങളുണ്ട്. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ. ശ്രദ്ധാപൂർവ്വം നാം അവയ്ക്കു കാവലേർപ്പെടുത്തുമ്പോൾ നമ്മുടെ കോട്ട സുരക്ഷിതമാകും.

മെഡ്ജുഗോറിയിൽ പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ട് കുട്ടികളോടു പറഞ്ഞു. നിങ്ങൾക്കെതിരെ വരുന്ന ഗോലിയാത്തിനെ (സാത്താൻ) തകർക്കുവാൻ ഞാൻ 5 ചെറിയ പാറക്കല്ലുകൾ തരുന്നു. (ചെറുകവിണയും ഏതാനും ഉരുളൻ കല്ലുകളുമായിട്ടാണല്ലോ ദാവീദ് ഗോലിയത്ത് എന്ന മല്ലനായ ഇസ്രായേലിന്റെ ശത്രുവിനെ തറപറ്റിച്ചത്) പരിശുദ്ധ അമ്മ നൽകിയ ആ പാറക്കല്ലുകൾ

1. ആത്മാർത്ഥമായുള്ള ജപമാല പ്രാർത്ഥന
2. വ്യക്തിപരമായ പ്രാർത്ഥന
3. വചനപാരായണം.
4. ഉപവാസവും ദാനധർമ്മവും (ഉപവാസത്തിന്റെ മറുതട്ടാണ് ദാനധർമ്മം)
5. നിരന്തരമായ കൗദാശിക ജീവിതം (കുമ്പസാരം - കുർബ്ബാന).

ഈസ്റ്റർ ആഘോഷങ്ങളോടെ തീരേണ്ടതല്ല. നമ്മുടെ നോമ്പും ഉപവാസവും. അതു വിജയ സഭയിലെ കൂട്ടായ്മയിലെത്തുവോളം തുടരണം. സ്വന്തം ജനത്തോടും ലോകത്തോടും അനുദിനം യുദ്ധം ചെയ്തു നമ്മോടുതന്നെ ബലം പ്രയോഗിച്ചു പ്രലോഭനങ്ങളെ ചെറുത്തു തിന്മയെ കീഴ്പ്പെടുത്തി ക്രിസ്തുവിൽ വിജയശ്രീലാളിതരായി തീരുവോളം നമുക്ക് ഒരു ഉപവാസം പ്രഖ്യാപിക്കാം. എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.



**കരിസ്മാറ്റിക് സർവീസ് ടീമിന് (2018-20) ആശംസകൾ**



# ആ രക്തത്തുള്ളികൾ
## എനിക്കു വേണ്ടിയായിരുന്നു



**ഷാജൻ ആന്റെണി**

മനുഷ്യകുലം മുഴുവനും രക്ഷനൽകുവാൻ ഈശോനാഥൻ കുരിശുമരണത്തിലുടെയും ഉത്ഥാനത്തിലുടെയും പാപത്തെയും മരണത്തെയും അതിനു കാരണക്കാരനായ പിശാചിനെയും പരാജയപ്പെടുത്തി. പാപത്തിന്റെ അടിമത്തത്തിൽ നിന്നും നമ്മെ മോചിപ്പിച്ചു. ഉത്ഥിതനായ ആ ഈശോയോടൊത്ത് നാം സന്തോഷിയ്ക്കുന്ന കാലമാണ് ഉയിർപ്പുകാലം. കാരുണ്യവാനായ ദൈവം തന്റെ പുത്രന്റെ മരണത്തിലൂടെയും, ഉത്ഥാനത്തിലൂടെയും സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാവസ്തുക്കളെയും തന്നോട് അനുരഞ്ജിപ്പിക്കുകയും, കുരിശിൽ ചിന്തിയ രക്തം വഴി സമാധാനം സ്ഥാപിയ്ക്കുകയും ചെയ്തു. ഈശോ സഹിച്ച ആ പീഡാനുഭവത്തിന്റെ വേദനകളെ ഓർക്കുകയും അനുഭവിയ്ക്കുകയും ചെയ്തുകൊണ്ട് നമ്മുടെ ആത്മാവിനേയും, മനസ്സിനെയും ശരീരത്തെയും ശുദ്ധീകരിച്ചു. ഒരു പുതിയ മനുഷ്യനായി, പുതിയ വഴിയിലൂടെ ചരിയ്ക്കുവാൻ നമുക്കു സാധിക്കുമ്പോൾ മാത്രമേ അവിടുത്തെ ജീവനും സ്നേഹവും മററുള്ളവരുമായി പങ്കുവയ്ക്കുവാനും, അവിടുത്തെ ഉത്ഥാനത്തിന്റെ വിജയത്തിൽ പങ്കുകാരാകുവാൻ സാധിക്കൂ. ''യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിയ്ക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിയ്ക്കുവിൻ.“ (എഫേ 4 : 24)

ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേയ്ക്കയച്ചത്, അവൻ വഴി ലോകം രക്ഷപ്രാപിയ്ക്കുവാനാണ്. അവനിൽ വിശ്വസിക്കുന്ന ഒരുവനും ശിഷയ്ക്കു വിധിയ്ക്കപ്പെടുന്നില്ല. അതിനാൽ തന്നെ യേശുക്രിസ്തുവിലുടെ ദൈവം നൽകുന്ന പാപക്ഷമയെകുറിച്ചും, രക്ഷയെക്കുറിച്ചും തിരിച്ചറിഞ്ഞുകൊണ്ട് അവിടുത്തെ നമ്മുടെ ജീവിതത്തിലേയ്ക്കു ക്ഷണിക്കാം. അവിടുന്നു നമുക്കായി ചിന്തിയ തിരുരക്തത്താൽ നമ്മുടെ പാപങ്ങൾ കഴുകി വിശുദ്ധീകരിയ്ക്കണമേ എന്നു പ്രാർത്ഥിയ്ക്കാം. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാ ടായ ക്രിസ്തു കുരിശിൽ ചിന്തിയ രക്തമാണ് സകലർക്കും പാപമോചനമായി പരിണമിക്കുന്നത്. അതിനാൽ നാം പാപം ചെയ്ത് ദൈവത്തിൽ നിന്നും അകന്ന് പോയിട്ടുണ്ടെങ്കിൽ അനുഗ്രഹിക്കുവാൻ കാത്തുനിൽക്കുന്ന ആ ദൈവത്തിലേക്ക് ഇപ്പോൾ തന്നെ മനസ്സുതിരിക്കാം. “യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിയ്ക്കുന്നുണ്ടെങ്കിൽ, യേശുവിനെ ഉയിർപ്പിച്ചവൻ നിങ്ങളുടെ മർത്യശരീരങ്ങൾക്കും നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനാൽ ജീവൻ പ്രദാനം ചെയ്യും.“ (റോമാ 8 :11).

യേശു ഏഴു പിശാചുക്കളെ പുറത്താക്കിയെന്ന് തിരുവചനം സാക്ഷ്യപ്പെടുത്തുന്ന മഗ്ദലന മറിയം, യേശുവിനെ കുറിച്ച് അറിഞ്ഞ് ഒരു കുപ്പി സുഗന്ധദ്രവ്യവുമായി അവിടുത്തെ പാദത്തിങ്കൽ വീണ് പാപപങ്കിലമായ ജീവിതത്തെക്കുറിച്ച് ഓർത്ത്

കരഞ്ഞ് കണ്ണീരുകൊണ്ട് പാദങ്ങൾ കഴുകി, തലമുടികൊണ്ട് തുടച്ച് ചുംബനം കൊണ്ട് പൊതിഞ്ഞു. ചുറ്റും കൂടിനിന്നിരുന്നവർ ഈ സ്ത്രീ ഏതുതരക്കാരിയാണ് എന്ന് യേശു മനസ്സിലാക്കാത്തത് എന്ത് എന്നു ചിന്തിയ്ക്കുമ്പോൾ ഈശോ അവരുടെ ഹൃദയവിചാരങ്ങൾ മനസ്സിലാക്കി അവരോടു പറഞ്ഞു ഇവൾ അധികമായി സ്നേഹിച്ചു അതിനാൽ ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിയ്ക്കപ്പെട്ടിരിക്കുന്നു. പാപജീവിതം ഉപേക്ഷിച്ച് തന്നെ അനുഗമിച്ച ആ മഗ്ദലന മറിയത്തിനാണ് ഉയർത്തെഴുന്നേറ്റ യേശു ആദ്യം പ്രത്യക്ഷപ്പെടുന്നത്. ഗാഗുൽത്താ മലയിൽ ഈശോയുടെ ഇരുവശങ്ങളിലും കുരിശിൽ തറച്ചിരുന്നത് രണ്ട് കള്ള ന്മാരെയായിരുന്നു. അതിലോരുവൻ ഒരു പക്ഷേ ജീവിതകാലം മുഴുവൻ കള്ളനും പാപിയുമായിരുന്നിരിക്കാം. എന്നാൽ അവൻ ഈശോയെ തിരിച്ചറിഞ്ഞ് കരഞ്ഞ് പ്രാർത്ഥിച്ചു. "നീ നിന്റെ രാജ്യത്ത് പ്രവേശിയ്ക്കുമ്പോൾ എന്നെയും ഓർക്കണമെ". ഈശോയ്ക്ക് ആ എളിമപ്പെടൽ മാത്രം മതിയായിരുന്നു അവന്റെ പാപങ്ങൾ ക്ഷമിച്ച് അവനു പറുദീസ നൽകുവാൻ. നമ്മുടെ പാപങ്ങൾ എത്ര വലുതാണെങ്കിലും അവിടുത്തെ കാരുണ്യം അതിനേക്കാൾ വലുതാണ്. നാമും അവിടുത്തെ പാദത്തി ങ്കലിരുന്ന് കരയുവാൻ തയ്യാറാണെങ്കിൽ അവിടുന്ന് ഓരോപാപിക്കും വേണ്ടി കുരിശിൽ ചിന്തിയ തന്റെ രക്തത്താൽ നമ്മുടെ പാപങ്ങൾ നമ്മിൽ നിന്നും നീക്കിക്കളയും. "തെറ്റുകൾ മറച്ചുവയ്ക്കുന്നവന് ഐശ്വര്യമുണ്ടാകുകയില്ല, അവ ഏറ്റുപറഞ്ഞ് പരിത്യജിയ്ക്കുന്നവന് കരുണ ലഭിയ്ക്കും." (സുഭാ 28 : 13).

നമ്മുടെ ജീവിതഭാരങ്ങൾ, നമുക്കായി രക്തം ചിന്തിയ ക്രിസ്തുവിന്റെ പീഢാസഹനങ്ങളോട് ചേർത്തു വയ്ക്കുമ്പോൾ നമ്മിൽ സമാധാനം നിറയുന്നു; നാം ആശ്വസിപ്പിക്കപ്പെടുകയും സൗഖ്യമുള്ള വരായിത്തീരുകയും ചെയ്യുന്നു. ഈശോയുടെ തിരുശരീരരക്തങ്ങളോട് ചേർന്ന് നിൽക്കുമ്പോൾ നാം അനുഗ്രഹിയ്ക്കപ്പെടുകയും, അവിടുന്ന് നമ്മെ മഹത്വപ്പെടുത്തുകയും ചെയ്യും. യേശു നമ്മുടെ ഹൃദയത്തിൽ വസിയ്ക്കുകയും പരിശൂ ദ്ധാത്മാവിനാൽ നമ്മെ വിശുദ്ധീകരിക്കുകയും ചെയ്തിരിക്കുന്നു.

നാം അവിടുത്തെ സ്നേഹിക്കുകയും ആരാധിക്കുകയും പ്രാർത്ഥനയിൽ അവിടുത്തെ കേൾക്കുകയും വേണം. അവിടുന്ന് നമ്മുടെ ഉള്ളിൽ വസിക്കുന്നതുപോലെ മറ്റെല്ലാവരിലും വസിക്കുന്നു എന്ന് നാം തിരിച്ചറിയണം. നമ്മുടെ സഹജീവികളുടെ ജീവിതയാത്രയിൽ അവർ നിസ്സഹായരാകുമ്പോൾ അവരെ ഒരു കൈത്താങ്ങ് നൽകി സഹായിക്കുമ്പോൾ നാം സഹായിക്കുന്നത് കുരിശിൽ കൈകാലുകൾ ബന്ധിക്കപ്പെട്ട് വേദനകൊണ്ട് പുളയുന്ന ഈശോയെത്തന്നെയാണ്. ജീവിതത്തിൽ പ്രത്യാശനഷ്ടപ്പെട്ടവർ, ഉപേക്ഷിയ്ക്കപ്പെട്ട കുഞ്ഞുങ്ങൾ, മനോവൈകല്യമുള്ളവർ പ്രായമായവർ, രോഗികൾ ഇങ്ങനെ ചുറ്റുമുള്ളവരിൽ ഈശോയുടെ മുഖം കണ്ട് അവരോട് കാരുണ്യം കാണിയ്ക്കുമ്പോൾ നാം അത്യുന്നതന്റെ പുത്രന്മാരും പുത്രിമാരും ആയിത്തീരുന്നു.

ലോകത്ത് ഇന്ന് പീഢകളും, പീഢനങ്ങളും കൂടി വരികയാണ്. നമ്മുടെ സഹോദരങ്ങളിൽ വസിയ്ക്കുന്ന ഈശോയെ നാം തിരിച്ചറിയാതെ അവർക്ക് പീഢകളും പീഢനങ്ങളും ഏൽക്കേണ്ടി വരുമ്പോൾ യഥാർത്ഥത്തിൽ ഈശോ വീണ്ടും പീഢകൾ സഹിക്കുകയും ക്രൂശിയ്ക്കപ്പെടുകയുമാണ് ചെയ്യുന്നത്. അവരോടൊത്ത് സഹതപിക്കുവാനോ, അവരെ ആശ്വസിപ്പിക്കുവാനോ, സഹായിക്കുവാനോ നാം ശ്രമിയ്ക്കുന്നില്ല എന്നുമാത്രമല്ല പലപ്പോഴും ആ അവസരങ്ങളിൽ ജറീക്കോയിലെ വഴിയിലൂടെ തിരക്കിട്ടു നടന്നുപോയ പുരോഹിതനെയും, ലേവായനെയും പോലെ നാമോരോരുത്തരും ദൈനംദിന ജീവിതവ്യഗ്രതയിൽ നെട്ടോട്ടം ഓടുകയാണ്. നല്ല ശമരിയാക്കാരനെപ്പോലെ മുറിവേറ്റവനെ കാണുകയോ സ്നേഹവും, പരിഗണനയും നൽകുകയോ ചെയ്യുന്നില്ല. നമ്മുടെ സ്നേഹവും, സേവനവും ആവശ്യമുള്ള ഓരോ മനുഷ്യനിലൂടെയും ഈശോ നമ്മെ ഉറ്റുനോക്കുന്നു. മനുഷ്യന്റെ സ്വാർത്ഥത മാറ്റിവച്ച് തകർക്കപ്പെട്ടവനായ യേശുവുമൊത്ത്, ആവശ്യക്കാരനായ യേശുവുമൊത്ത് ജീവിയ്ക്കുവാൻ തീരുമാനമെടുക്കുമ്പോൾ നാം ഒരു പുതിയ മനുഷ്യനായിത്തീരുന്നു.

“നാം പാപികളായിരിക്കെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള തന്റെ സ്നേഹം ദൈവം പ്രകടമാക്കി യിരിക്കുന്നു, ആകയാൽ ഇപ്പോൾ അവന്റെ രക്തത്താൽ നീതീകരിയ്ക്കപ്പെട്ട നാം അവൻ മൂലം ക്രോധത്തിൽ നിന്നും രക്ഷി യ്ക്കപ്പെട്ടിരിക്കുന്നു.“ (റോമ 5 : 8 9). എന്റെ പാപങ്ങൾക്ക് പരിഹാരം ചെയ്യുവാൻ ഭൂമിയിലേക്ക് വന്ന ഈശോയെ അങ്ങയെ തിരിച്ചറിയുവാനും, സ്നേഹിക്കുവാനും അവിടുത്തെ ആത്മാവിനാൽ നിറച്ച് എന്റെ കണ്ണുകളെ തുറക്കണമെ. ഈ ലോകത്തിന് അനുരുപനായി ജീവിക്കുവാനുള്ള വ്യഗ്രതയിൽ എന്റെ ആത്മാവിലും ശരീരത്തിലും ഏറ്റ മുറിവുകളുമായി ഞാനിതാ അങ്ങയുടെ മുൻപിൽ വീഴുന്നു. അവിടുത്തെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിച്ച് അങ്ങയോടൊപ്പം സ്വർഗ്ഗീയപിതാവിന്റെ വസതിയിൽ എന്നെന്നും വസിയ്ക്കുവാൻ കൃപ നൽകണമെ.

# ഒലിവിൻ നിലാവിൽ



ആന്റോ ജോൺ

ഒലിവുമലതൻ താഴ് വരയിൽ,
ഒരിലുമരങ്ങൾ തൻ അലിവാർന്ന
തണലായ് ഗത്സെമൻ

നിലാവൊലികൾ തുളുമ്പും, ഒലിവുമരങ്ങൾക്കുതാഴെ
തിളങ്ങുന്നു നാഥൻ തൻമുഖം
ചന്ദ്രശോഭയാൽ, ഗത്സെമനിൽ

ഒലിവിൻ ചക്കുകൾ ചുരത്തും എണ്ണതൻ
നൈർമല്ല്യം യേശുവിൻ സാന്നിദ്ധ്യ-
മേറ്റുണർന്നു ഗത്സെമനിൽ

പ്രാർത്ഥിക്കാതുറങ്ങുന്ന ശിഷ്യർക്കും, നിഗൂഢമാം
ഒറ്റികൊടുക്കലിനുമിടയിൽ, അശ്രുപൂക്കൾ
പൊഴിക്കുന്നാ മരങ്ങൾ, ഗത്സെമനിൽ

നാഥന്റെ രക്തകണങ്ങൾ ഉറഞ്ഞ മണ്ണിൽ,
ഉയർന്നു നിൽക്കുന്നൊലിവു മരങ്ങൾ, ജീവന്റെ
കുളിർ തെന്നലായ് ഗത്സമെനിൽ

പിതാവിൻ ഹിതം നിറവേറ്റിയ പുത്രന്റെ
കഠിനമാം കദനത്തിലലിഞ്ഞാ
മരങ്ങൾ, ഗത്സമനിൽ

നാഥൻ തൻ ദുഃഖം കണ്ടാ
മരങ്ങൾ തൻ മാറിൽ, പിടഞ്ഞ കനികളിൽ
നിന്നാ കണ്ണീർ വീണുടഞ്ഞു ഗത്സമനിൽ

മുള്ളുകൾ കായ്ക്കുന്നിടമാം ജീവിതം
എങ്കിലും ദൈവത്തിൻ ദാനമാം ജീവിതം
വിജയത്തീരമണയുമെന്നോതുന്നു ഗത്സമൻ



# കുഷ്ഠരോഗിയെ
## ആലിംഗനം ചെയ്യുന്ന
# ഈശോ



ലാലിച്ചൻ ജോസഫ്

യേശു കൈനീട്ടി അവനെതൊട്ടുകൊണ്ടു പറഞ്ഞു;
എനിക്കു മനസ്സുണ്ട്. ശുദ്ധിയുണ്ടാകട്ടെ!
തൽക്ഷണം കുഷ്ഠം അവനെ വിട്ടുമാറി. (ലൂക്ക. 5:13)

പ്രിയ ദൈവമക്കളെ,

ഒരു രോഗിയെ കാണുമ്പോൾ, തകർന്നവരെ കാണുമ്പോൾ, തകർന്നവനെ കാണുമ്പോൾ നമ്മുടെ മനോഭാവം എന്താണ്? നമ്മുടെ കണ്ണുകൾ യേശുവിന്റെ കണ്ണുകളായി മാറണം. കുഷ്ഠ രോഗിയെ കണ്ടപ്പോൾ യേശുവിന്റെ മനസ്സ് അലിഞ്ഞതുപോലെ വേദനിക്കുന്നവരെ കാണുമ്പോൾ നമ്മുടെ മനസ്സ് അലിയുന്നില്ലെങ്കിൽ നമ്മിൽ ദൈവസ്നേഹമില്ല എന്ന് കരുതികൊള്ളുക.

നമുക്കറിയാം ഒരാൾക്ക് കുഷ്ഠരോഗം പിടിക്കപ്പെട്ടാൽ ആ വ്യക്തിയെ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും മാറ്റി നിർത്തുന്ന ഒരു കാലഘട്ടത്തിൽ കുഷ്ഠരോഗിയെ തൊട്ട് സുഖപ്പെടുത്തിയ യേശുവിന്റെ സ്നേഹം നമ്മിലും ഉണ്ടാകട്ടെ.

ഈശോയ്ക്ക് ഒരു വാക്ക് പറഞ്ഞാൽ മതിയായിരുന്നു ആ കുഷ്ഠരോഗി സൗഖ്യപ്പെടുമായിരുന്നു. പക്ഷെ വചനം പറയുന്നു, യേശു കുഷ്ഠരോഗിയെ തൊട്ട് സുഖപ്പെടുത്തിയെന്ന്. യേശുക്രിസ്തുവിന്റെ സ്നേഹം ആലിംഗനം ചെയ്യുന്ന സ്നേഹമാണ്. കരുണയോടെ സ്നേഹത്തോടെ നമ്മെ മാറോട് ചേർക്കുന്ന സ്നേഹമാണ്. നമ്മുടെ ഹൃദയത്തിൽ നിന്നും ജീവജലത്തിന്റെ അരുവികൾ ഒഴുകട്ടെ. 'ഈശോ പറഞ്ഞു, ആർക്കെങ്കിലും ദാഹിക്കുന്നുവെങ്കിൽ അവർ എന്റെ അടുക്കൽ വന്നുകുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും.' (യോഹ. 7:37)

എന്റെ ഒരനുഭവം ഓർക്കുകയണ്. ഒരു ദിവസം ബസിൽ യാത്ര ചെയ്യുന്ന സമയം ഒരു ഗവൺമെന്റ് ആശുപത്രിക്കു മുമ്പിലുള്ള ഒരു വെയിറ്റിംഗ് ഷെഡിൽ ആരോരുമില്ലാത്ത ഒരാൾ കിടക്കുന്നത് ഞാൻ കണ്ടു. എന്റെ മനസ്സിൽ ദൈവാത്മാവിന്റെ ഒരു ശക്തമായ പ്രേരണ ഉണ്ടായി – ഈശോയാണ് ആ കിടക്കുന്നത്. എന്നാൽ ഞാൻ ബസിൽ നിന്നുമിറങ്ങാൻ തയ്യാറായില്ല. ബസ് മുന്നോട്ട് പോയ്ക്കൊണ്ടിരുന്നു.

എന്റെ മനസ്സിൽ വീണ്ടും ചോദ്യമുയർന്നു ഈശോ ഒരനാഥനായി വഴിയിൽ കിടക്കു

മ്പോൾ നീ എങ്ങോട്ടാണ് പോകുന്നത്. ഞാൻ പെട്ടന്നുതന്നെ അടുത്ത സ്റ്റോപ്പിൽ ഇറങ്ങി ആ വ്യക്തിയുടെ അടുക്കൽ എത്തി.


അടുത്ത് എത്തിയപ്പോൾ തന്നെ വലിയ ദുർഗന്ധം അനുഭവപ്പെട്ടു. അടുക്കാൻപറ്റാത്ത അവസ്ഥ, എങ്കിലും ഈശോയാണ് കിടക്കുന്നതെന്ന് വീണ്ടും പരിശുദ്ധാത്മാവ് എന്നെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. ഞാൻ അടുക്കൽ ചെന്ന് ചോദിച്ചു, എന്താണ് ചേട്ടാ ഇവിടെ കിടക്കുന്നത്. ആ മനുഷ്യൻ തന്റെ കാല് എന്ന് കാണിച്ചുകൊണ്ട് പറഞ്ഞു, മോനെ... ഞാൻ ഈ ആശുപത്രിയിൽ കാൽ ഡ്രസ് ചെയ്യാൻ വന്നതാണ്. പക്ഷെ ആശുപത്രിയിലെ ജീവനക്കാർ എന്റെ കാൽ ഡ്രസ് ചെയ്യാതെ എന്നെ ഇറക്കിവിട്ടു. ഭയങ്കരമണമാണെന്നാണ് അവർ പറയുന്നത്.

മുട്ടിന് താഴെ പാദംവരെ ഒറ്റ മുറിവായി പഴുത്ത് പുഴുവരുന്ന അവസ്ഥയിലായിരുന്നു കാൽ. ഞാൻ പറഞ്ഞു, സാരമില്ല കാൽ ഞാൻ ഡ്രസ്സ് ചെയ്യാം. പെട്ടന്നുതന്നെ അടുത്ത മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്നും പഞ്ഞിയും മറ്റും വാങ്ങി ഞാൻ ആ മനുഷ്യന്റെ കാൽ ഡ്രസ്സ് ചെയ്തപ്പോൾ എന്റെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. ഈശോയുടെ കാൽ കഴുകാൻ കിട്ടിയാൽ ഉണ്ടാകാവുന്ന ഒരു വലിയ സന്തോഷമായിരുന്നു അപ്പോൾ. ആ മനുഷ്യന് വേണ്ട കാര്യങ്ങൾ എല്ലാം ചെയ്ത് ഞാൻ അടുത്ത ബസിൽ കയറിപോകുമ്പോൾ ഞാൻ ദൈവത്തിന്റെ ആത്മാവിൽ നിറഞ്ഞ് കവിഞ്ഞിരുന്നു.

എത്ര അധ്വാനിച്ചാലും കിട്ടാത്ത ഒരു പരിശുദ്ധാത്മനിറവിൽ ഞാൻ യാത്ര തുടർന്നു. പിന്നീട് പലതവണ ഞാൻ ആ വ്യക്തിയെ അന്വേഷിച്ചെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. അപ്പോൾ എനിക്ക് ഒരുകാര്യം വ്യക്തമായി ഈശോ ഒരു കുഷ്ഠരോഗിയായി എന്നെ സന്ദർശിച്ചു എന്ന് എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്.

നമ്മുടെ കണ്ണുകൾ യേശുവിന്റെ കണ്ണുകളാകട്ടെ, നമ്മുടെ കരങ്ങൾ യേശുവിന്റെ കരങ്ങളാകട്ടെ, നമ്മുടെ ഈ ജീവിതം ക്രിസ്തുവിനു വേണ്ടി സമർപ്പിക്കാം നമുക്ക് ദൈവ സ്നേഹത്തിൽ അലിഞ്ഞുചേരാം. ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

## നല്ല അമ്മതൻ നല്ല വെള്ളി





പുത്രൻ മരിച്ചതിൻ വേദനയേറ്റു നീ
ഹൃദയം പിടഞ്ഞു കരഞ്ഞീടുമ്പോൾ
എങ്ങനെയാണമ്മേ ഞാൻ അകന്നീടുക
നിനക്കൊപ്പമീ ഞാനും ചേർന്നിരിക്കും
ഒരു പൂവുപോലെ നിൻ മടിത്തട്ടിലന്നവൻ
ബത്‌ലഹേം പുൽക്കൂട്ടിൽ കിടന്നുറങ്ങി
മാലാഖമാർവന്നു പാടിയ പാട്ടുകൾ,
ഈണത്തിൽ നീയന്നു ഏറ്റുചൊല്ലി
ഇന്നു നിൻ പുത്രൻ മരിച്ചു കിടക്കുമ്പോൾ,
ഏതേതു ഗാനം നീ പാടുമമ്മേ
മണ്ണിന്റെ രക്ഷതൻ ഈരടിയോ,
വിണ്ണിന്റെ സ്വർഗ്ഗീയ സംഗീതമോ
പറയുകെന്നമ്മേ നിൻ കാന്തികവലയത്തിൽ
നിൽക്കുന്നു കേൾക്കാൻ നിന്റെ ദുഃഖം
പാതിയും പകുത്തെടുക്കുന്നിതാ ഞങ്ങൾ
പരിശുദ്ധ അമ്മതൻ മക്കളല്ലോ.

**പ്രിൻസി തോമസ് എടപ്പിള്ളി**



# നോമ്പ്
## ഉയിർപ്പിലേക്കൊരു വഴി



നീതു ബാബു

ജീവിതത്തിൽ വഴികൾ അന്വേഷിക്കുന്ന വരാണ് നാമെല്ലാം. ജീവിത യാത്രകളിൽ ശരിയായ വഴി നമ്മെ ലക്ഷ്യത്തിൽ എത്തിക്കുന്നു. അതുകൊണ്ടുതന്നെ വഴികൾ നാം ആദ്യം അന്വേഷിച്ചു കണ്ടെത്തുന്നു. വാശിപിടിച്ചു കരയുന്ന കുഞ്ഞിനറിയാം കാര്യം സാധിച്ചു കിട്ടുമെന്ന്. അങ്ങനെ കൊച്ചു കുഞ്ഞുങ്ങൾ മുതൽ എല്ലാവരും അവരവരുടെ കാര്യ സാധ്യത്തിനായി വഴികൾ കണ്ടെത്തുന്നു.

നല്ല വിദ്യാഭ്യാസത്തിനായി, തൊഴിലിനായി ജീവിതാന്തസ്സിനായി, ജീവിത വിജയത്തിനായി ഓരോരുത്തരും വഴികൾ അന്വേഷിക്കുന്നു. ഈ വഴികൾ എന്നും എപ്പോഴും എളുപ്പമാകണമെന്നില്ല. ചിലപ്പോൾ നാം തിരഞ്ഞെടുക്കുന്ന വഴികൾ നമ്മെ സുഗമമായി ലക്ഷത്തിലെത്തിച്ചേക്കാം. എന്നാൽ പലപ്പോഴും നമ്മുടെ വഴികൾ നാം ആഗ്രഹിക്കുന്നത്ര സുഖകരമാകണമെന്നില്ല.

ഒരു ഇരുട്ടിന് ഒരു പകൽ ഒരുകയറ്റത്തിന് ഒരു ഇറക്കം ഒരു കുന്നിന് ഒരു കുഴി ഒരു വേനലിന് ഒരു മഴ. ഇതാണ് ജീവിതത്തിന്റെ താളം. എന്നാൽ നാം പലപ്പോഴും ഈ താളം മനസ്സിലാക്കാതെ പോകുന്നു. സന്തോഷം മാത്രം ജീവിതത്തിൽ ആഗ്രഹിക്കുന്നവരാണ് നാം. നാം ആരും നമ്മുടെ ജീവിതത്തിലേക്ക് ദുഃഖം പ്രതീക്ഷിക്കുന്നില്ല. എന്നാൽ ഈ ദുഃഖങ്ങളാണ് നമുക്ക് പിന്നിട് സന്തോഷം പ്രദാനം ചെയ്യുന്നതെന്ന് നാം മറന്നുപോകുന്നു.

ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ നാം ആരാധിക്കുന്നതിന് മുൻപ് പീഢാനുഭവത്തിലൂടെ കടന്നുപോകുന്ന ക്രിസ്തുവിനെയാണ് നാം ആരാധിക്കുന്നത്. ഈശോ നാല്പതു ദിവസം ഉപവസിച്ച് പ്രാർത്ഥിച്ചത്, പ്രലോഭനങ്ങളിൽ വിജയം വരിച്ച് ഉയിർത്തെഴുന്നേറ്റ് മനുഷ്യവർഗ്ഗം മുഴുവനേയും രക്ഷിക്കുന്നതിനു വേണ്ടിയാണല്ലോ.

നമ്മുടെ ജീവിതത്തിൽ നേരിടേണ്ടിവരുന്ന പ്രതിസന്ധികൾ നമുക്ക് വിജയത്തിലേക്കുള്ള വഴികളാണ് നൽകുന്നത്. വി. ലൂക്കായുടെ സുവിശേഷത്തിൽ ഈശോ നമ്മോട് ഇപ്രകാരം പറയുന്നു . "സ്വന്തം കുരിശു വഹിക്കാതെ എന്റെ പിന്നലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല. ' (ലൂക്ക 14 : 27) ക്രിസ്തു ശിഷ്യൻമാരായി ജീവിക്കുന്ന നാം ഈ വചനം യഥാർത്ഥത്തിൽ മനസ്സിലാക്കുന്നുണ്ടോ?

ജീവിതത്തിൽ വിജയം നേടിയവരെല്ലാവരും ഏതെങ്കിലും തരത്തിൽ സഹനങ്ങളെ സ്വീകരിച്ചവരായിരിക്കും. ജനനം മുതൽ മരണം വരെ എന്നും സന്തോഷിച്ചു കൊണ്ടിരിക്കാൻ ആർക്കു കഴിയും ? സഹനങ്ങൾ നമ്മെ ഈശോയിലേക്ക് അടുപ്പിക്കുന്ന മാർഗങ്ങളാണ്. വി. മദർ തെരേസ പറയുന്നുണ്ട് ' എനിക്ക് എന്നിൽത്തന്നെ ആശ്രയിക്കാൻ ആവാത്തതുകൊണ്ട് ദൈവശക്തിയിൽ ഇരുപത്തിനാല് മണിക്കുറും ഞാൻ അവിടുത്തെ ആശ്രയിക്കും. '

ജീവിതം വളരെ സന്തോഷപ്രദമായി മുന്നോട്ടു പോകുമ്പോൾ നാം പലപ്പോഴും ദൈവത്തിൽ നിന്നകലുകയും ദുഃഖങ്ങൾ നേരിടേണ്ടി വരുമ്പോൾ കുടുതലായി ദൈവത്തിലാശ്രയിക്കുകയും ചെയ്യുന്നു. ഈ ഉയിർപ്പുകാലത്തിലുടെ കടന്നു പോകുമ്പോൾ പ്രാർത്ഥനയിൽ കുടുതലായി വളരാൻ നമുക്ക് പരിശ്രമിക്കാം. സഹനങ്ങളെ നേരിടുന്നതിനുള്ള ശക്തിയ്ക്കു വേണ്ടിയും, ജീവിതത്തിൽ വിജയം നേടുന്നതിനു വേണ്ടിയും ഉത്ഥിതനായ ക്രിസ്തുവിനോട് നമുക്ക് പ്രാർത്ഥിയ്ക്കാം. അതുവഴി , ദൈവപരിപാലനയിൽ അശ്രയിച്ചു വളരുവാനും, നല്ലൊരു ജീവിതം നയിച്ച് മറ്റുള്ളവർക്ക് ഒരു മാതൃകയാകാനും ഈശോ നമ്മെ അനുഗ്രഹിക്കട്ടെ.

' എല്ലാവർക്കും ഈസ്റ്റർ ആശംസകൾ"

# സാത്താനെ സൂക്ഷിക്കുക



ലോകത്തിൽ പാപം ചെയ്യാതെ ജീവിക്കുന്നവർ ആരും തന്നെ ഉണ്ടാവുകയില്ല. എത്ര നീതിമാൻ ആണെങ്കിലും ദിവസവും തെറ്റു പറ്റുന്നുണ്ട്. അങ്ങിനെയാണെങ്കിൽ നീതിമാൻമാരല്ലാത്ത നമ്മുടെ ജീവിതത്തിൽ പറ്റുന്ന തെറ്റുകുറ്റങ്ങൾ എത്രയധികമായിരിക്കും. ഇതിൽ നിന്നും മോചനം തേടേണ്ടത് അത്യാവശ്യമാണ്. എങ്ങിനെയാണ് അത് സാധിക്കുന്നത്. പ്രഭാഷകന്റെ പുസ്തകത്തിൽ 15:15 ൽ ഇപ്രകാരം പറയുന്നു. 'മനസ്സുവെച്ചാൽ നിനക്കു കൽപ്പനകൾ പാലിക്കാൻ സാധിക്കും. വിശ്വസ്തതാപൂർവ്വം പ്രവർത്തിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് നീയാണ്.' ഇതിൽ നിന്നും വ്യക്തമാകുന്നത് നാം മനസ്സുവെച്ചാൽ മാത്രമേ പാപത്തിൽനിന്നും പിന്തിരിയാൻ സാധിക്കുകയുള്ളൂ. ഓരോ പാപം ചെയ്യുമ്പോഴും ആത്യന്തികമായി പാപം ചെയ്യാൻ തീരുമാനം എടുക്കുന്നത് നാം തന്നെയണ്, ഇതിനു കാരണം ആദിമാതാപിതാക്കൾ പാപംചെയ്തതു മൂലം അവരിലൂടെ നമ്മിലേക്ക് കടന്നുവന്ന തിന്മയുടെ വേരുകൾ മൂലം ഉള്ള പാപചായ്‌വ് നമ്മിൽ ഉണ്ട് എന്നതാണ്. ഈ പാപസുഖം നൽകുന്ന പാപപ്രേരണമൂലവും, ലോകത്തിന്റെ ആകർഷണങ്ങൾ ചൂണ്ടിക്കാണിച്ച് സാത്താൻ നൽകുന്ന പ്രലോഭനത്തിലും ഉൾപ്പെട്ട് നാം പാപം ചെയ്യുന്നു. ചില പാപങ്ങൾ ആവർത്തിച്ചുചെയ്ത് തഴക്കദോഷമായിമാറുന്നു.

ഇതിൽ നിന്ന് കർത്താവായ യേശുവിന് മാത്രമേ നമ്മെ മോചിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. സ്വന്തം കഴിവുകൊണ്ട് പാപത്തിൽ നിന്നും പിന്മാറാൻ ശ്രമിച്ചാൽ സാധിക്കുകയില്ല. കർത്താവായ യേശുവിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ധൂർത്തപുത്രന്റെ ഉപമയിൽ തവിടുപോലും തിന്നാൻ കിട്ടാതായപ്പോൾ അവനുസുബോധമുണ്ടായി. അപ്പോഴാണ് പിതാവിന്റെ ഭവനത്തിലെ സുഭിക്ഷതയെക്കുറിച്ച് ഓർമ്മവരുന്നതും പോകാൻ തീ



സിജോ പി.ഒ.

രുമാനിക്കുന്നതും. നാം ഏതുപ്രായത്തിലുള്ള വ്യക്തിയായാലും, വളരെ കുറച്ചു പാപംചെയ്യുന്ന വ്യക്തിയായാലും മാരകപാപത്തിന്റെ പിടിയിൽപെട്ട വ്യക്തിയായാലും തന്റെ പാപാവസ്ഥ മനസ്സിലാക്കി തന്റെ പാപങ്ങൾ ദൈവത്തെ വളരെയേറെ വേദനിപ്പിച്ചു എന്നു മനസ്സിലാക്കി അതിൽനിന്നും പിന്തിരിഞ്ഞ് ദൈവവുമായി ചേർന്ന് ജീവിക്കാൻ തീരുമാനിക്കണം. ആഴത്തിലുള്ള പശ്ചാതാപവും ഉണ്ടാവണം, കുമ്പസാരത്തിലൂടെ പാപങ്ങൾ ഏറ്റുപറഞ്ഞ് മോചനം പ്രാപിച്ച് പാപപരിഹാരം ചെയ്യാനും വിശുദ്ധിയിൽ ജീവിക്കുവാനും ദൈവവുമായി ചേർന്നു നിൽക്കണം.

നാം കുമ്പസാരത്തിലൂടെ പാപമോചനം തേടുന്നുണ്ടെങ്കിലും വീണ്ടും, വീണ്ടും പാപത്തിൽ വീണുപോകുന്നു. നമ്മെ പാപത്തിൽ വീഴിക്കുന്ന സാത്താന്റെ കൗശലങ്ങളെക്കുറിച്ച് ബോധവാന്മാരാവുകയും, അതിനുവേണ്ട പ്രതിവിധി കൈക്കൊള്ളുകയും വേണം. സാത്താൻ നമ്മെക്കൊണ്ട് പാപം ചെയ്യിക്കുമ്പോൾ പാപം ചെയ്യുമ്പോൾ ഉള്ള പാപസുഖത്തെക്കുറിച്ചും, എല്ലാവരും ചെയ്യുന്നതാണ് എനിക്കും ചെയ്യാം, അല്ലെങ്കിൽ വരാൻ പോകുന്ന സാമ്പത്തിക ലാഭം അല്ലെങ്കിൽ പറയും നീ ചെറുപ്പമാണ് ഇപ്പോൾ സുഖിച്ചുജീവിക്കാം പിന്നെ അനുതപിക്കാം, അതുമല്ലെങ്കിൽ പിന്നെ കുമ്പസാരിച്ചാൽ പോരെ എന്നിങ്ങനെയുള്ള ലാഭമുഖങ്ങൾ നമ്മുടെ മനസ്സിൽ കൊ

ണ്ടുവരും. പാപം ചെയ്യുമ്പോൾ പാപം ചെയ്യാനുള്ള ലജ്ജ, ദൈവകല്പനകളുടെ ലംഘനമാണെന്നുള്ള ബോധ്യം ഇവയെല്ലാം എടുത്തുമാറ്റും. പാപം ചെയ്തുകഴിയുമ്പോൾ കുറ്റബോധവും നിരാശയും കൊണ്ട് മനസ്സു നിറക്കുകയും ചെയ്യുന്നു.

ഇതിൽനിന്നും മോചനം നേടണമെങ്കിൽ ഉപവാസവും പ്രാർത്ഥനയും വേണം. കർത്താവ്, സാത്താൻ പ്രലോഭിപ്പിക്കാൻ വരുന്നതിന് മുൻപ് നാല്പതു ദിവസം ഉപവാസത്തിലും പ്രാർത്ഥനയിലുമാണ് കഴിഞ്ഞതെന്ന് നമുക്കറിയാമല്ലോ? ഉപവാസപ്രാർത്ഥനയിലൂടെ സാത്താനെ തോൽപ്പിക്കാൻ പ്രത്യേകമായ കഴിവ് നമുക്ക് കിട്ടും. പാപംചെയ്യാനുള്ള ആദ്യത്തെ പ്രലോഭനം മനസ്സിൽ ഉണ്ടാകുമ്പോൾ തന്നെ കർത്താവായ യേശുവിന്റെ നാമത്തിൽ പ്രലോഭകനെ ആട്ടി പുറത്താക്കണം. കർത്താവിന്റെ നാമത്തിലാണ് പൗലോസ് ദുഷ്ടാരൂപിയെ പുറത്താക്കുന്നത്. (അപ്പ. 16:18) എന്ന് അപ്പസ്തോല പ്രവർത്തനങ്ങളിൽ വായിക്കുന്നു. യേശുക്രിസ്തുവിന്റെ ശക്തിയേറിയ നാമം സദാ ഉപയോഗിക്കുമ്പോൾ പിശാച് പുറത്തുപോകുന്നു. ചിലപ്പോൾ പലപ്രാവശ്യം പുറത്താക്കേണ്ടിവരും. രക്ഷയില്ലെന്നുകാണുമ്പോൾ പിന്നെ വരുകയില്ല. ചില കൂട്ടുകെട്ടുകളും, ചില വ്യക്തികളുമായുള്ള ബന്ധങ്ങളും നമ്മെ പാപത്തിലേക്ക് നയിക്കുന്നുവെങ്കിൽ അവ ഒഴിവാക്കണം. ചില സ്ഥലങ്ങൾ, സാഹചര്യങ്ങൾ എന്നിവ. അനുയോജ്യമായ ബൈബിൾ വചനങ്ങൾ പലപ്രാവശ്യം വായിച്ച് ധ്യാനിച്ച് വചനനിറവിൽ ആയിരിക്കുക. വി.കുർബ്ബാന യോഗ്യതയോടുകൂടി സ്വീകരിക്കുക. ആത്മീയ ഗുരുക്കന്മാരുടേയും വൈദീകരുടേയും ഉപദേശങ്ങൾ സ്വീകരിക്കുക. സാധിക്കുന്നിടത്തോളം വി.കുർബാനയിൽ ഭാഗഭാക്കാകുക. യേശുകേന്ദ്രീകൃതജീവിതം നയിക്കുക. വ്യക്തിപരമായ പ്രാർത്ഥനയിലൂടെ യേശുവുമായി സുഹൃത് ബന്ധം സ്ഥാപിക്കുക. പാപജീവിതത്തിൽ നിന്നും പിൻമാറുമ്പോൾ, മുൻപ് പാപം ചെയ്യാൻ ഉപയോഗിച്ച സമയം ദൈവഹിതപ്രകാരം നാം വിനിയോഗിക്കണം. ഇല്ലെങ്കിൽ സാത്താൻ വീണ്ടു കടന്നുവരാൻ കാരണമാകും. ഈ ലോകജീവിതത്തിൽ നമ്മെ

(ശേഷം പേജ് 20)

# വയൽ ലില്ലി



ബിന്ദു ജോയ്




നീരുണങ്ങി കത്തിയമരാൻ
നിന്നൊരീ വയൽലില്ലി ഞാൻ
വിണ്ണു വിട്ടീ വയലേലയിൽ വന്നു നീ
ഈ വയൽ പൂവിനെ സ്വന്തമാക്കാൻ...
(നീരുണങ്ങി...)

വിണ്ണരുവി വെട്ടിതുറന്നൊഴുക്കീ
വരണ്ടുവിണ്ട മൺകട്ടയാകെ നനച്ചുനീ
വാടി വീണൊരീ വയൽനാമ്പിനെ
വിൺ നീരിനാൽ ജീവനേകിനീ
(നീരുണങ്ങി...)

പ്രാണനെയും കുത്തിതുറന്നു തന്നു
ആ വിൺ വയലിലെന്നെ പറിച്ചു നട്ടു
വാന സൂര്യ വെളിച്ചമേറ്റാ–
വിൺ പൂവാകെ വെട്ടിതിളങ്ങിനിന്നു....
(നീരുണങ്ങി...)

താഴ് വരയാകെയലങ്കരിക്കും ഹൃദയലില്ലി ഞാൻ
ഹൃദയമേ പാടൂ നീ പ്രാണ പ്രിയനായ്
പ്രാണനേക്കാൾ പ്രിയമേറുമീ ഗാനം
വയൽ ലില്ലിപോൽ വിരിയുമീ ഗാനം....



# അദൃശ്യകരത്താൽ
## ദൃശ്യനാക്കപ്പെട്ട മനുഷ്യൻ



**നിഷ സണ്ണി**

മാനവകുലത്തിന്റെ പാപപരിഹാരത്തിനായി അദൃശ്യകരത്താൽ ദൃശ്യനാക്കപ്പെട്ട മനുഷ്യൻ യേശുക്രിസ്തു.

പ്രപഞ്ചം സൃഷ്ടിച്ച ദൈവം മനുഷ്യന് എല്ലാ സ്വാതന്ത്ര്യവും നൽകി. എന്നാൽ ബുദ്ധി എന്നതിലുപരി കുബുദ്ധിയോടെ മനുഷ്യൻ പ്രവർത്തിക്കാൻ തുടങ്ങി, അതിലൂടെ ലോകം നശിച്ചു. മനുഷ്യർ തമ്മിൽ തമ്മിൽ പോരാടി നശിച്ചു. കായേൻ തുടങ്ങിവെച്ച ഈ പോരാട്ടം ഇന്നും മനുഷ്യൻ ആവർത്തിക്കുന്നു. അറിവില്ലായ്മയിൽ നിന്നും കായേൻ തുടങ്ങി വച്ച ആദ്യ കൊലപാതകം ഇന്ന് ഒന്നിലധികം പേർ ഒന്നിച്ച് ചേർന്ന് ഈ കുറ്റകൃത്യം നിർവ്വഹിക്കുന്നു. മാപ്പർഹിക്കാത്ത പാതകം, നീതിമാനായ ദൈവം ഇന്നല്ലെങ്കിൽ നാളെ അവർക്കായി വിധി നടപ്പിലാക്കിയിരിക്കും.

പരി.കന്യാമറിയത്തിലൂടെ ദൈവം സ്വപുത്രനെ നല്കി യേശുക്രിസ്തു. ക്രിസ്തു വചനങ്ങൾ വഴിയും ഉപമകളിലൂടെയും ജനങ്ങളെ ബോധവാന്മാരാക്കി. ശത്രുക്കളെ സ്നേഹിക്കാൻ പഠിപ്പിച്ചു. രോഗികളെ സുഖപ്പെടുത്തി. മരിച്ചവരെ ഉയിർപ്പിച്ചു. എന്നാൽ ജനം അതെല്ലാം മറന്ന് യേശുവിനെ ക്രൂശിച്ചു. മൂന്നാം ദിനം ഉയിർത്തെഴുന്നേറ്റ ക്രിസ്തു ഇന്നും നമ്മോടൊപ്പം ജീവിക്കുന്നു. ക്രിസ്തുവിന്റെ ചോരപ്പാടുകളിലൂടെ നാം കടന്നുപോകുമ്പോൾ ദൈവജനം ക്രിസ്തുവിന്റെ പാത പിന്തുടരുന്നു.

എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവർ സ്വയം പരിത്യജിച്ച് തന്റേകുരിശെടുത്ത് തന്നെ അനുഗമിക്കുവാൻ യേശു ആവശ്യപ്പെടുന്നു. മനുഷ്യരായി പിറന്നവർക്ക് അത് സാധ്യമല്ലാതെ വരുന്നു. പരിശുദ്ധാത്മാവിന്റെ കരുണയുണ്ടെങ്കിൽ മാത്രമെ നമ്മെ തേടിയെത്തുന്ന കാരിരുമ്പാണികൾ കുരിശുമരണം കൂടാതെ നമുക്കു വഹിക്കുവാൻ സാധിക്കുകയുള്ളൂ. ദൈവസാന്നിധ്യം നിറയുമ്പോൾ നമ്മുടെ ചിന്തയിൽ നാമില്ലാതാവുന്നു. സ്വയം പഴിക്കാനോ ജീവിത ക്ലേശങ്ങളിൽ വിലപിക്കുവാനോ ദൈവം അനുവദിക്കുകയില്ല. മനുഷ്യൻ ഈ ഭൂമിയിൽ ഭയത്തോടെ വിളിക്കുന്നത് മനുഷ്യനെ തന്നെയാണ്. എവിടെയും കലഹങ്ങൾക്ക് സാധ്യത കൂടുതലാണ്. ഞാൻ വന്നിരിക്കുന്നത് നിങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുവാനാണ് എന്നുള്ള വചനം ഇവിടെ പൂർണ്ണമാവുന്നു.

ലോകത്തിന്റെ ഒഴുക്കിനനുസരിച്ചു നീങ്ങുന്നവരെ തിരിച്ചറിയുക. സമയം നമുക്കുവേണ്ടി ഒരിക്കലും കാത്തുനിൽക്കാറില്ല. ജീവിതം വ്യർത്ഥമായി പോകാതിരിക്കാൻ ഉണർന്നിരിക്കുക. കാലപഴക്കത്തിന്റെ ജീവിതശൈലി മാറ്റി സഭയ്ക്കും കുടുംബത്തിനും വേണ്ടി പ്രവർത്തിക്കുക.

ഒരു മദ്യപാനിക്ക് ബോധപൂർവ്വം തീരുമാനമെടുക്കാൻ ബുദ്ധിമുട്ടാണ്. അവനെ നിയന്ത്രിക്കുന്നത് മദ്യത്തിന്റെ വീര്യമായിരിക്കും. സമയം ശരിയല്ല എന്ന ഉൽക്കണ്ഠയിൽ ജീവിക്കുന്നവരെ ഉൽക്കണ്ഠമൂലം ആയുസിന്റെ ഒരു മുഴം പോലും വർദ്ധിപ്പിക്കുവാൻ കഴിയില്ല എന്നറിഞ്ഞുകൊള്ളുക, വചനം പഠിപ്പിക്കുന്നു. നാളെയെക്കുറിച്ച് ആകുലപ്പെടേണ്ട വചനം ഹൃദയത്തിൽ സൂക്ഷിക്കുന്നവർക്ക് ദൈവം എല്ലാം സാധ്യമാക്കുന്നു.

'ഒരുവൻ ലോകം മുഴുവൻ നേടിയാലും അവന്റെ ആത്മാവു നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം' എന്ന വചന ചൈതന്യത്താൽ ആത്മാവിൽ കളങ്കമില്ലാതെ ജീവിക്കാൻ നമുക്കു ശ്രമിക്കാം. പീലാത്തോസിനെപ്പോലെ കൈകഴുകി മാറിനിൽക്കാതെ ഉചിതമായ തീരുമാനങ്ങളെടുക്കാൻ നമുക്കു സാധിക്കട്ടെ.

ആകുലതകളും വ്യാകുലതകളും നിറഞ്ഞ ഈ ജീവിതയാത്രയിൽ ജപമാല എന്ന മാന്ത്രികശക്തി വളരെ വലുതാണ്. ആ മാസ്മരികതയിൽ അലിഞ്ഞു ചേരാം. ജീവിതം വളരെ വിലപ്പെട്ടതാണ്. കുടുംബത്തിനുവേണ്ടി നാം അലിഞ്ഞു തീരുമ്പോൾ നമുക്കു മുന്നിൽ പരിഭവങ്ങളില്ല, പരാധീനതകളില്ല, പ്രാർത്ഥനമാത്രം.



# പ്രതീക്ഷ നിറഞ്ഞതായിരിക്കട്ടെ
# നിങ്ങളുടെ മനസ്സ്



**കിരൺ ജോൺസൻ**

യേശുക്രിസ്തുവിന്റെ ഉയർപ്പിനായി കാത്തിരിക്കുന്ന നമ്മൾ എല്ലാവർക്കും പ്രതീക്ഷയുടെയും സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും നന്മയുടെയും ആ പുണ്യദിനത്തിനായി ഒരുങ്ങാം.

(ഇതു വായിക്കുമ്പോൾ പ്രാർത്ഥനാപൂർവ്വം ഗ്രഹിക്കാനായി സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.)

എന്താണ് മനുഷ്യമനസ്സിനു വേണ്ട പ്രതീക്ഷ? അല്ലെങ്കിൽ ഒരു ക്രിസ്ത്യാനി തന്റെ മനസ്സിൽ എന്തിനു വേണ്ടിയാണ് പ്രതീക്ഷ വെക്കേണ്ടത്?

പലപ്പോഴും ധ്യാനഗുരുക്കന്മാരിൽ നിന്നും നമ്മൾ കേട്ടുകേട്ട് തഴക്കം വന്ന ഒരു ചോദ്യശബ്ദം ആണെങ്കിലും ഞാൻ ഒന്നു പറഞ്ഞോട്ടെ: സഭ നമ്മെ പഠിപ്പിക്കുന്നത്, ഒരു ക്രിസ്ത്യാനി തന്റെ മനസ്സ് എപ്പോഴും യേശുക്രിസ്തുവിനെ നേടാൻ വേണ്ടി പ്രതീക്ഷ വെക്കണം എന്നാണ്. അതിനുള്ള എളുപ്പവഴി എന്നു പറയുന്നത് സ്നേഹം എന്ന നന്മയെ ജീവിതത്തിൽ കൊണ്ടു നടക്കുകയാണ്. ജെറമിയ 31:1 ൽ പറയുന്നുണ്ട് : വിദൂരത്തിൽ നിന്ന് കർത്താവ് അവനു പ്രത്യക്ഷനായി അരുളിച്ചെയ്തു, എനിക്കു നിന്നോടുള്ള സ്നേഹം അനന്തമാണ്; നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും.

ഇതു വായിക്കുമ്പോൾ തെളിഞ്ഞു വരുന്ന ഒരു ചിത്രമുണ്ട്. യേശുനാഥൻ അകലെ നിന്നേ നമ്മെ കണ്ടു ഓടിവന്ന് നമ്മുടെ പാപങ്ങളും കുറവുകളും ക്ഷമിച്ചു തന്റെ മാറോടു ചേർത്തുപിടിച്ചു ചുംബിക്കുന്നത്. ആ സ്നേഹത്തിനും സംരക്ഷണത്തിനും വേണ്ടിയാണ് നാം പ്രതീക്ഷ വെക്കേണ്ടത്. എല്ലാവരും നമ്മെ സ്നേഹിക്കാനായി നാം ആഗ്രഹിക്കുന്നുണ്ട്. എന്നാൽ, നമ്മൾ എത്രത്തോളം മററുള്ളവരെ സ്നേഹിക്കുന്നുണ്ട് അല്ലെങ്കിൽ മററുള്ളവന്റെ ബുദ്ധിമുട്ടുകളിൽ അവനു സഹായം ആകുന്നുണ്ട് എന്നു ചിന്തിക്കുന്നത് നന്നായിരിക്കും. തന്നെ ക്രൂശിച്ചവരോട് ഒരു മടിയും കൂടാതെ ക്ഷമിക്കുവാനും സ്നേഹിക്കുവാനും ക്രിസ്തുവിനു സാധിച്ചത് പോലെ നമുക്കും സാധിച്ചിരുന്നെങ്കിൽ ഈ ലോകത്തിൽ സന്തോഷവും സംതൃപ്തിയും നിറഞ്ഞ ഒരു സ്വർഗ്ഗീയ ജീവിതം നമുക്ക് ലഭിച്ചേനെ.

ലോകം ഇന്ന് കൂടുതൽ സ്വാർത്ഥമായിക്കൊണ്ടിരിക്കുകയാണ്. നമുക്ക് കാണാൻ സാധിക്കും നമ്മുടെയിടയിൽ വിലപിക്കുന്നവരെയും പ്രതീക്ഷ നഷ്ടപ്പെട്ടവരെയും രോഗികളെയും. അവരെ ഒന്നു സ്നേഹത്തിൽ സമാധാനിപ്പിക്കാനോ സഹായിക്കാനോ എന്തിന്, അവരെ ഒന്നു പോയി കാണാൻ വരെ ആർക്കും സമയം ഇല്ലാത്ത അവസ്ഥ. ഒരുപക്ഷെ, ജീവിതത്തിന്റെ പ്രതീക്ഷകൾ നഷ്ടപ്പെട്ട് ആത്മഹത്യയുടെ വക്കിൽ നിൽക്കുന്നവരെയും നമ്മൾ കണ്ടേക്കാം. നമ്മളെക്കൊണ്ട് പരിഹരിക്കാവുന്നതും ഏറെ നിസ്സാരവുമായ കാരണത്താൽ ജീവിതം അവസാനിപ്പിക്കുന്ന അവരുടെ അടുത്തു പോയി അവരെ ഒന്നു മനസ്സിലാക്കി സ്നേഹത്തിൽ പെരുമാറിയാൽത്തന്നെ അവരുടെ ജീവിതത്തിൽ നല്ല പ്രതീക്ഷകൾ നൽകാൻ സാധിക്കും. അതിനു വേണ്ടത് സ്നേഹം എന്ന നന്മ യേശുനാഥൻ മററുള്ളവർക്ക് നൽകിയത്പോലെ അതേ വഴിയേ നമ്മളും സഞ്ചരിക്കണം എന്നു പറയുന്നത്.

എ.പി.ജെ അബ്ദുൽ കലാം ലോകജനതയ്ക്ക് ജീവിക്കാനും വളരാനും പ്രതീക്ഷ നൽകിയ വ്യക്തിയാണ്. സാധാരണ മനുഷ്യനായ അദ്ദേഹത്തിന്റെ ഓരോ വാക്കും പ്രതീക്ഷകളെ വാനോളം കൊണ്ടെത്തിച്ചിരുന്നു. അദ്ദേഹം ജീവിതത്തിൽ എളിമ എന്ന പുണ്യത്തെ എന്നും കൂടെ കൊണ്ടുനടന്നിരുന്നു. അധികാര മോഹമോ, പണമോഹമോ, ഒന്നും അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു തടസ്സം ആയിരുന്നില്ല. ജീവിതത്തിൽ ഉടനീളം. ഒരു തരത്തിൽ പറഞ്ഞാൽ എല്ലാം കൊണ്ടും ഒരു നല്ല മനുഷ്യനായിരുന്നു അദ്ദേഹം. ഞാൻ എന്റെ ചിന്തകളെ നോക്കുമ്പോൾ ഇടയ്ക്ക് എന്റെ മനസ്സിൽ വിഷമത്തിന് ഇടയാക്കുന്ന അവസ്ഥകൾ വരാറുണ്ട്. ഈ പറയുന്ന എളിമയും മററുള്ളവരോടുള്ള സ്നേഹവും ഒരു ദിവസത്തിൽ കുറച്ചുനേരം മാത്രമേ കടന്നുവരാറുള്ളൂ. ബാക്കിയുള്ള സമയങ്ങളിൽ പണമോഹത്തിന്റെയും അധികാര മോഹത്തിന്റെയും മററുള്ളവരുടെ ഉയർച്ചയിലുള്ള അസൂയയുടെയും മററുള്ളവരെ കുററപ്പെടുത്തലുകളുടെയും തിരക്കിൽപ്പെട്ട് ശരിക്കുള്ള ക്രിസ്തീയ ജീവിതം നയിക്കാൻ മറന്നുപോകുന്നു. ഈ ഒരു ജീവിതശൈലിയാണ് എനിക്കു അനുവർത്തിക്കാൻ പറ്റാത്തതും. അതിനു വേണ്ടിയാണ് ഞാൻ പലപ്പോഴും പ്രാർത്ഥിക്കുന്നതും.

എനിക്കു തോന്നുന്നു, അസൂയയും എളിമ നിറഞ്ഞ ജീവിതത്തിന്റെ കുറവുമാണ് പാപം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നതും ശരിയായ ക്രിസ്തീയ ജീവിതത്തോട് നമ്മൾ അകന്നുനിൽക്കുന്നതും. അതിൽനിന്നു മാറി പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ നമ്മിൽ നിറയാൻ ഈ നൊയമ്പുകാലത്തു നമുക്കു പ്രാർത്ഥിച്ചൊരുങ്ങാം.

ശരിയായ ക്രിസ്തീയ ജീവിതം നയിക്കുമ്പോൾ പലതരത്തിലുള്ള സഹനങ്ങളും പീഢകളും സഹിക്കേണ്ടി വന്നേക്കാം. അങ്ങനെ ഒരു യാഥാർത്ഥ്യത്തെയാണ് ഞാനടക്കം നിങ്ങളും മനസ്സിലാക്കേണ്ടത്. അങ്ങനെയുണ്ടാകുന്ന സഹനങ്ങളെ നമ്മുടെ പാപപരിഹാരത്തിനായി ഈശോ ശരീരത്തിലും മനസ്സിലും അനുഭവിച്ച അതികഠിനമായ പാടുപീഢകളോടും പീഢാസഹനങ്ങളോടും ചേർത്തു സമർപ്പിക്കാം.

അങ്ങനെ നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന വിഷമങ്ങളും വെല്ലുവിളികളും ഭീഷണികളും പ്രശാന്തതയോടും ക്ഷമയോടുംകൂടി നേരിടുവാൻ വേണ്ട അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം. അങ്ങനെ യേശുക്രിസ്തുവിനെ നേടാൻ മനസ്സിൽ പ്രത്യാശ നിറക്കാം.

---

*....... 17 -ാംപേജ് തുടർച്ച*

ക്കുറിച്ചുള്ള ദൈവപദ്ധതി എന്താണെന്നു മനസ്സിലാക്കി അത് നിറവേറ്റുന്ന വ്യക്തിയായി ജീവിക്കുക. താമസ സ്ഥലത്തുള്ള കരിസ്മാറ്റിക്ക് പ്രാർത്ഥനാകൂട്ടായ്മ, ജീസസ്സ് യൂത്ത് കൂട്ടായ്മ എന്നിവയിൽ അംഗങ്ങളാവുക അതുവഴി ആത്മീയ ജീവിതം ഉയർച്ച പ്രാപിക്കും.

ഇപ്രകാരം നാം ദൈവവുമായി ചേർന്നു ജീവിക്കുമ്പോൾ ദൈവം നമ്മോടും ചേർന്നു നിൽക്കും. സാത്താനെ പരാജയപ്പെടുത്തുന്നതിൽ ആദ്യം പലപ്രാവശ്യം പരാജയപ്പെട്ടാലും കർത്താവിലൂടെ വീണ്ടും വീണ്ടും ശ്രമിക്കുകയും വിജയം നേടുകയും ചെയ്യും. നിരാശപ്പെട്ട് പിൻതിരിയരുത്, കാരണം കർത്താവിനെ പരാജയപ്പെടുത്താൻ സാത്താന് ഒരിക്കലും സാധിക്കുകയില്ല. കർത്താവിലൂടെ നമുക്ക് വിജയമുണ്ട്. അതുമാത്രമല്ല ലൂക്ക 10 :19 ൽ പറയുന്ന പ്രകാരം അവന്റെ മേലെ ചവിട്ടിനടക്കാൻ ഉള്ള അധികാരം നമുക്ക് നൽകിയിട്ടുണ്ട്.

ഈ അവസാനകാലഘട്ടത്തിൽ തിന്മയുടെ ശക്തികൾ കൂടുതൽ കരുത്തോടെ തലപൊക്കും. കർത്താവിലേക്ക് തിരിയാൻ വൈകുന്തോറും തിരിച്ച് വരവ് അസാധ്യമായിത്തീരും. ആകയാൽ യേശുവിൽ പ്രിയ സഹോദരി സഹോദരന്മാരെ നമുക്ക് കർത്താവുമായി ചേർന്നു നിന്നുകൊണ്ട് അവിടുത്തെ വചനങ്ങൾ അനുസരിച്ചുകൊണ്ട്, ദൈവഹിതം നിറവേറ്റികൊണ്ട്, അവിടുത്തേക്ക് വേണ്ടി ആത്മാക്കളെ തേടുന്നവരായിമാറാം. അവിടുത്തെ രണ്ടാം വരവിൽ നാം പുറന്തള്ളപ്പെടുന്നവരായിമാറരുത്. ദൈവം നമ്മെ ഓരോരുത്തരേയും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.



# ഒരു മരത്തിന്റെ കഥ



മാത്യു ആന്റണി

നോമ്പുകാല ചിന്തകളിലെപ്പോഴോ ഒരു മരത്തിന്റെ കഥ ഓർമ്മ വന്നു.

പണ്ട് പാലസ്തിന ദേശത്തുണ്ടായിരുന്ന ഒരു മരം. ഒരു ദിവസം ആ മരം മുറിച്ചുമാറ്റി. നടുഭാഗത്തു നിന്ന് രണ്ടു ഉരുപ്പടികൾ മുറിക്കപ്പെട്ടു. അന്ന് പാലസ്തിന ഭരിച്ചിരുന്ന റോമാ സൈന്യത്തിന്റെ കൈയ്യിൽ അതു സൂക്ഷിക്കപ്പെട്ടു. ബാക്കി ഭാഗത്തു നിന്ന് കുറെയേറെ പലകകൾ അറക്കപ്പെട്ടു. അതുകൊണ്ട് ഒരു വഞ്ചി നിർമ്മിക്കപ്പെട്ടു. ഗലീല കടലിൽ മത്സ്യബന്ധനത്തിന് ആ വഞ്ചി ഉപയോഗിക്കപ്പെട്ടു. ബാക്കി വന്നത് ഒട്ടും പ്രധാനമല്ലാത്ത കുറെ തടി കഷണങ്ങൾ മാത്രമാണ്. പട്ടിക ആയി മാറ്റപ്പെട്ട ആ കഷണങ്ങൾ ചേർത്തുവെച്ച് ഒരു പുൽത്തൊട്ടി നിർമ്മിക്കപ്പെട്ടു. യൂദയായിലെ മലചെരുവിൽ ഒരു ഗുഹ പോലുള്ള ഒരു പശുക്കൂട്ടിലെ പുൽത്തൊട്ടി ആയി അത് മാറ്റപ്പെട്ടു.

കന്നുകാലികളുടെ ചാണകവും മൂത്രവും നിറഞ്ഞു കിടന്ന ആ പശുക്കുട്ടിൽ ഒരു ദിവസം ഒരു മനുഷ്യൻ തന്റെ പൂർണ്ണ ഗർഭിണിയായ ഭാര്യയോടൊപ്പം വന്നു ചേർന്നു. ബത്‌ലെഹേം മുഴുവൻ നടന്നിട്ടും തൻറെ ഭാര്യക്ക് പ്രസവിക്കാൻ ഇടം കിട്ടാതിരുന്ന ആ മനുഷ്യൻ ധൃതിയിൽ ആ കന്നുകാലികൂട് വൃത്തിയാക്കി. ആ പൂൽത്തൊട്ടിയിൽ അവൾ ആ കുഞ്ഞിന് ജന്മം നൽകി. ആങ്ങനെ യേശു പിറന്ന ആ പൂൽത്തൊട്ടി ചരിത്രത്തിന്റെയും സുവിശേഷത്തിന്റെയും ഭാഗമായി. ഇടയന്മാരുടെയും രാജാക്കന്മാരുടെയും ദൈവാരാധനക്കു സാക്ഷ്യം വഹിക്കാൻ ആ പൂൽത്തൊട്ടിക്ക് ഭാഗ്യമുണ്ടായി.

ഗലീല കടലിൽ വലിയ മുക്കുവനായ പത്രോസിന്റെ വഞ്ചിയായ പലക കഷണങ്ങളു ടെയും സ്ഥിതി മറ്റൊന്നായരുന്നില്ല. നിരന്തരം മനം മടുപ്പിക്കുന്ന മത്സ്യ ഗന്ധത്തിന്റെയും കടലിന്റെ കൊടുംതണുപ്പിന്റെയും നടുവിൽ ആ വഞ്ചി ദിവസങ്ങൾ തള്ളിനീക്കി. ഒരു ദിവസം ഒത്തിരി പ്രത്യേകതകൾ ഉള്ള യേശു എന്നൊരു മനുഷ്യൻ ആ വഞ്ചിയിൽ കയറി. കരയി ൽനിന്നും വഞ്ചി നീക്കിയിടാൻ അദ്ദേഹം ആവശ്യപ്പെട്ടു. വഞ്ചിയിൽ ഇരുന്നു അദ്ദേഹം ജനങ്ങളോട് നല്ല കാര്യങ്ങൾ പഠിപ്പിച്ചു. പിന്നിട് ആഴത്തിൽ നീക്കി വലയിറക്കാൻ അദ്ദേഹം പത്രോസിനോട് ആവശ്യപ്പെട്ടു. വഞ്ചി നിറയെ മത്സ്യം കിട്ടിയ ആ അത്ഭുതകരമായ മീൻപിടുത്തം ആ വഞ്ചിയെ ചരിത്രത്തിലേക്കും സുവിശേഷത്തിലേക്കും ഇടം നൽകി.

സൂക്ഷിക്കപെട്ട മരഉരുപ്പടികളുടെ കാര്യമായിരുന്ന ഏറെ കഷ്ടം. മുപ്പത്തിമൂന്നു വർഷങ്ങൾ സൂക്ഷിക്കപെട്ട ആ മര കഷണങ്ങൾ നിയോഗം പോലെ ആദിവസം എത്തി ചേർന്നു. മരത്തിൽ തൂക്കപ്പെടുന്നവൻ ശപിക്കപെട്ടവൻ ആകുന്നു എന്നു വിശ്വസിച്ചിരുന്ന പലസ്തിനായിൽ , യേശു എന്നൊരുവനെ ക്രൂശിക്കുവാനുള്ള കുരിശ്ശായി മാറുക എന്നതായിരുന്നു നിയോഗം. പ്രത്യക്ഷത്തിൽ ശപിക്കപ്പെട്ട നിയോഗം ആയിരുന്നുവെങ്കിലും അതിലുടെ അത്ഭുതകരമായ കുരിശ്ശായി മാറിയ ആ മരകഷണങ്ങൾ അത് വഴി ചരിത്രത്തിലേക്കും സുവിശേഷ ത്തിലേക്കും സ്ഥാനം പിടിച്ചു. ആ മരകഷണങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളൽ ഇന്നും സൂക്ഷിക്കപെടുന്നു.

ഈ മരത്തിന്റെ കഥയും നമ്മുടെ ജീവിതവും തമ്മിൽ ഒത്തിരിയേറെ സാമ്യം തോന്നാം.

ഒരു പക്ഷെ പുൽത്തൊട്ടിയിലെ മരക്ക ക്ഷണങ്ങൾ പോലെ ദുർഗന്ധത്തിലും മാലിന്യത്തിലും ആയിരിക്കാം എന്റെ ജീവിതം. വെറും വിലകുറഞ്ഞതായി എന്നെ മറ്റുള്ളവർ കരുതുന്നുണ്ടാകാം, അവഗണിക്കുന്നുണ്ടാകാം. ഈ നോമ്പുകാലം, യേശു എന്റെ ജീവിതത്തിൽ പിറക്കുന്നതാകട്ടെ. മാറി മറയുന്ന ജീവിതത്തിലുടെ നമുക്കും ഭാവിയിൽ ദൈവമഹത്വത്തിൽ ചെന്നുചേരാം.

ചിലപ്പോൾ മരവിച്ച നിസ്സംഗമായ ജീവിതമാകാം എന്റെത്. പുതുമകൾ ഇല്ലാത്ത എന്റെ ജീവിതത്തെ യേശുവിനായി അവിടുത്തെ വചനത്തിനായി വിട്ടു കൊടുക്കാം. അത്ഭുതങ്ങളിലൂടെ അവിടുന്ന് എന്നെ നയിക്കട്ടെ.

ശപിക്കപെട്ടവൻ എന്ന് ലോകവും കുടുംബവും താൻ തന്നെയും വിശ്വസിക്കുന്ന ഒരു ജീവിതം ആകും ഇപ്പോൾ എന്റെത്. എന്റെ പരാജയങ്ങളെയും തകർച്ചകളെയും യേശുവിന്റെ പീഢകളോട് ചേർത്ത് സമർപ്പിക്കാം. എന്റെ ശാപങ്ങൾ ഏറ്റവൻ രോഗങ്ങൾ ഏറ്റവൻ എന്നെ അതിൽ നിന്നെല്ലാം രക്ഷിക്കും. ലോകം ആദരിക്കുന്ന ഒരു ജീവിതമാക്കി അവൻ അതിനെ മാറ്റട്ടെ.

എല്ലാവർക്കും ഉത്ഥിതനായ കർത്താവിന്റെ അനുഗ്രഹം ആശംസിക്കുന്നു.

# വിവാഹ ഒരുക്ക സെമിനാർ 2018

വിവാഹഒരുക്കത്തിനായുള്ള മലയാളത്തിലുള്ള പഠന ക്ലാസ്സുകൾ, ദുബായ് മുഹൈസ്നായിലുള്ള സെന്റ് മേരീസ് കാത്തലിക് സ്കൂളിൽ എല്ലാ മാസത്തിലേയും രണ്ടാമത്തെ ആഴ്ചയിൽ ബുധൻ, വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ നടത്തുന്നു.

**ബുധൻ, വ്യാഴം ദിവസങ്ങളിൽ വൈകീട്ട് 8 മുതൽ 10.30 വരെ.**
**വെള്ളിയാഴ്ച രാവിലെ 9 മുതൽ വൈകീട്ട് 5.30 വരെ.**
**ശനിയാഴ്ച വൈകുന്നേരം 7 മുതൽ 10.30 വരെ.**

പങ്കെടുക്കാനാഗ്രഹിക്കുന്നവർ അലക്സച്ചന്റെ ഓഫീസിൽ (റൂം നമ്പർ 7) നേരിട്ടെത്തി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ ബാച്ചിലും 60 പേർക്കാണ് പങ്കെടുക്കാനാവുക. ആദ്യമെത്തുന്ന ക്രമമനുസരിച്ചായിരിക്കും സീറ്റുകൾ ലഭ്യമാവുക. നാലു ദിവസത്തെ എല്ലാ ക്ലാസ്സിലും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ക്ലാസ് തുടങ്ങിയതിന് ശേഷം താമസിച്ച് വരുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതല്ല. രജിസ്ട്രേഷനുശേഷം ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുകയില്ല.

## വിവാഹത്തിനായ് NOC വാങ്ങാൻ വരുന്നവരുടെ ശ്രദ്ധയ്ക്ക്

1. നാട്ടിലെ ഇടവകയിൽനിന്നുള്ള ആറ് മാസത്തിലധികം പഴക്കമില്ലാത്ത മാമ്മോദീസ സർട്ടിഫിക്കറ്റ് കോപ്പി കൊണ്ടുവരേണ്ടതാണ്.
2. മലയാളി കമ്യൂണിറ്റി (MCC) മെമ്പർഷിപ്പ് എടുത്തിരിക്കണം. കൂടാതെ പാരിഷ് വെബ്സൈറ്റിലൂടെ പാരിഷ് മെമ്പർഷിപ്പ് എടുത്ത് ആ ഐ.ഡി. നമ്പറും കൊണ്ടുവരേണ്ടതാണ്.
3. Free state certificate/NOC പള്ളി ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്.

## മലയാളത്തിലുള്ള ദിവ്യബലി സമയം

- **എല്ലാവെള്ളിയാഴ്ച്ചയും : ഉച്ചകഴിഞ്ഞ് 2:00 മണിക്ക്**
- എല്ലാ മാസവും ആദ്യ വ്യാഴാഴ്ച്ച : വൈകുന്നേരം 8:00 മണിക്ക്, തുടർന്ന് ഒപ്പീസ്
- എല്ലാ മാസവും മൂന്നാമത്തെ വ്യാഴാഴ്ച്ച : വൈകുന്നേരം 8:00 മ ണിക്ക്, തുടർന്ന് വി. അന്തോണീസിനോടുള്ള നൊവേന
- എല്ലാ മാസവും നാലാമത്തെ ബുധനാഴ്ച്ച : വൈകുന്നേരം 8:00 മണിക്ക്

**മലയാളത്തിലുള്ള ദിവ്യബലി സമയം (മലങ്കര റീത്തിൽ)**

എല്ലാ വെള്ളിയാഴ്ച്ചകളിലും : വൈകുന്നേരം 7.30 മണിക്ക്, മിനി ഹാളിൽ

**കരിസ്മാറ്റിക് പ്രാർത്ഥനാ സമയം**

1. എല്ലാ മാസവും ആദ്യവെള്ളിയാഴ്ച്ചകളിൽ : ഉപവാസപ്രാർത്ഥന (രാവിലെ 10:30 മുതൽ 1:40 വരെ)
2. എല്ലാ തിങ്കളാഴ്ച്ചകളിലും : പ്രാർത്ഥനാ കൂട്ടായ്മ – മെയിൻ ഹാളിൽ (വൈകുന്നേരം 7:30 മുതൽ 9:00 വരെ)
3. എല്ലാ വെള്ളിയാഴ്ച്ചകളിലും (ആദ്യ വെള്ളിയാഴ്ച്ച ഒഴികെ) : മധ്യസ്ഥപ്രാർത്ഥന – റൂം നമ്പർ 6–ൽ വച്ച് (രാവിലെ 10:00 മുതൽ 11:00 വരെ)

**ജീസസ് യൂത്ത് പ്രാർത്ഥനാ സമയം**

എല്ലാ വെള്ളിയാഴ്ച്ചകളിലും 02:00 മണിക്കുള്ള മലയാളം ദിവ്യബലിക്കുശേഷം
(സ്ഥലം: റും നമ്പർ 6 – മിനിഹാൾ ബിൽഡിംഗ്)

**നഴ്സസ്മിനിട്രി പ്രാർത്ഥനാസമയം**

എല്ലാ ശനിയാഴ്ച്ചകളിലും വൈകുന്നേരം 6 – 8 മണിവരെ
(സ്ഥലം: റും നമ്പർ 2 – മിനിഹാൾ ബിൽഡിംഗ്)

**കുമ്പസാരത്തിനുള്ള സമയം**

മലയാളത്തിൽ കുമ്പസാരിക്കുവാനുള്ള സമയക്രമീകരണങ്ങൾക്ക് സന്ദർശിക്കുക

**www.abbadubai.org.**

# വാഗ്ദാനം മാസികയിലേക്ക്
# രചനകൾ ക്ഷണിക്കുന്നു.

നിങ്ങളുടെ ക്രിസ്തീയചൈതന്യം തുളുമ്പുന്ന രചനകൾ; അവ ലേഖനങ്ങൾ, കവിതകൾ, ചെറുകഥകൾ, കൊച്ചുകൊച്ചു ചിന്താശകലങ്ങൾ, കാർട്ടൂണുകൾ തുടങ്ങി എന്തുമാകട്ടെ, ഞങ്ങൾക്കയച്ചുതരിക. രചനകൾ **A4** പേപ്പറിൽ **ഒരുപുറത്ത് മാത്രം,** 400 വാക്കുകളിൽ കവിയാതെ എഴുതി നല്കുക. പേരും മൊബൈൽ നമ്പരും, പാസ്പോർട്ട് സൈസിലുള്ള ഫോട്ടോയും വയ്ക്കാൻ മറക്കരുത്.

ഇമെയിൽ വഴിയായോ (**vagdanam.dubai@gmail.com**)
**അലക്സച്ചന്റെ ഓഫീസിലോ** ഏല്പിക്കാവുന്നതാണ്.








VAGDANAM - Dubai Malayalee Catholic Congregation Newsletter
Issue No.: 50 April 2018
**For Private Circulation Inside the Church Compound Only**